بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 6

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 48

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ഡിസംബർ 2/ഹി.ശം. 1400 ഫതഹ് 2/1443 റബീഉൽ ആഖിർ 26


## അല്ലാഹുവിന്റെ വചനം

اَلۡحَمۡدُ لِلّٰہِ الَّذِیۡ خَلَقَ السَّمٰوٰتِ وَالۡاَرۡضَ وَجَعَلَ الظُّلُمٰتِ وَالنُّوۡرَ ثُمَّ الَّذِیۡنَ کَفَرُوۡا بِرَبِّہِمۡ یَعۡدِلُوۡنَ ۝

'ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിക്കുകയും അന്ധകാരങ്ങളേയും പ്രകാശങ്ങളേയും ഉണ്ടാക്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവസ്തുതിയും! എന്നിട്ടും അവിശ്വസിക്കുന്നവർ അവരുടെ നാഥനു സമന്മാരെ കല്പിച്ചുവെക്കുന്നു.'(6:2)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### തൽബിയായുടെ വാക്കുകൾ

(1549) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ رضي الله عنه നിവേദനം. നബി(സ)തിരുമേനിയുടെ ലബ്ബയ്ക്ക് ഇതായിരുന്നു;

لَبَّیۡکَ اللّٰھُمَّ لَبَّیۡکَ، لَبَّیۡکَ لَا شَرِیۡکَ لَکَ لَبَّیۡکَ اِنَّ الۡحَمۡدَ وَالنِّعۡمَۃَ لَکَ وَالۡمُلۡکَ لَا شَرِیۡکَ لَکَ

ഞാൻ ഹാജറാണ്. എന്റെ അല്ലാഹുവേ ഞാൻ ഹാജറാണ്. ഞാൻ ഹാജറാണ്. നിനക്ക് പങ്കാളിയാരുമില്ല. ഞാൻ ഹാജറാണ്. എല്ലാ വിശേഷതയും എല്ലാ ഓരോ നിഅ്മത്തും നിന്റേതുതന്നെയാണ്. രാജാധിപത്യവും നിന്റേതുതന്നെയാണ്. നിനക്ക് പങ്കാളിയാരുമില്ല .

(1550) ഹദ്റത്ത് ആഇശ رضي الله عنها യിൽനിന്ന് നിവേദനം. അവർ പറയുമായിരുന്നു. നബി(സ)തിരുമേനി എങ്ങനെയാണ് ലബ്ബയ്ക്ക് ചൊല്ലാറുണ്ടായിരുന്നതെന്ന് എനിക്ക് നല്ലവണ്ണം അറിയാം.

لَبَّیۡکَ اللّٰھُمَّ لَبَّیۡکَ، لَبَّیۡکَ لَا شَرِیۡکَ لَکَ لَبَّیۡکَ، اِنَّ الۡحَمۡدَ وَالنِّعۡمَۃَ لَکَ۔

*(സ്വഹീഹ് ബുഖാരി, വാല്യം 3, കിതാബുൽഹജ്ജ്, പ്രസാധനം ഖാദിയാൻ 2008)*

**നിങ്ങളുടെ വാക്കും പ്രവൃത്തിയും ശരിയാക്കി വെക്കുക.**
**സ്വഹാബത്ത് തങ്ങളുടെ ജീവിതത്തിൽ കാണിച്ചതുപോലെ അവയിൽ സമഭാവം കാണിക്കുക.**
**ഹദ്റത്ത് അബൂബകർ സിദ്ദീഖ്رضي الله عنهന്റെ മാതൃക എപ്പോഴും മുന്നിൽ വെക്കുക.**
**ഹദ്റത്ത് അബൂബക്ർرضي الله عنه ലോകത്ത് എങ്ങും കാണാൻ പറ്റാത്ത നിലയിലുള്ള സുഹൃത്ബന്ധത്തിന്റെ കടമ നിറവേറ്റി.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഉപദേശങ്ങൾ

### വാക്കും പ്രവൃത്തിയും തമ്മിൽ സമഭാവം

മനുഷ്യന്റെ വാക്കും പ്രവൃത്തിയും തമ്മിൽ സമഭാവമുണ്ടായിരിക്കേണ്ടത് വളരെ ആവശ്യമാണ്. അവയിൽ സമഭാവമില്ലെങ്കിൽ ഒന്നുംതന്നെയില്ല. അതുകൊണ്ട് അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: اَتَاۡمُرُوۡنَ النَّاسَ بِالۡبِرِّ وَتَنۡسَوۡنَ اَنۡفُسَکُمۡ നിങ്ങൾ ജനങ്ങളോടു നന്മ ഉപദേശിക്കുകയും സ്വയം വിസ്മരിക്കുകയുമാണോ ചെയ്യുന്നത്? (2:45) മറ്റൊരു സ്ഥലത്ത് പറഞ്ഞു: لِمَ تَقُوۡلُوۡنَ مَا لَا تَفۡعَلُوۡنَ നിങ്ങൾ പ്രവർത്തിക്കാത്തത് എന്തിന് നിങ്ങൾ പറയുന്നു?(61:3) സത്യവിശ്വാസികൾ ഇരട്ടത്താപ്പ് സ്വീകരിക്കാതിരിക്കേണ്ടതാണ്. ഈ ഭീരുത്വവും കാപട്യവും അവനിൽനിന്ന് എപ്പോഴും ദൂരെയാണ് ഉണ്ടാകുക. അതുകൊണ്ട് എപ്പോഴും നിങ്ങളുടെ വാക്കും പ്രവൃത്തിയും ശരിയാക്കി വെക്കുക. സ്വഹാബത്ത് തങ്ങളുടെ ജീവിതത്തിൽ കാണിച്ചതുപോലെ അവയിൽ സമഭാവം കാണിക്കുക. അപ്രകാരം നിങ്ങളും അവരുടെ കാല്പാടുകളിലൂടെ നടന്ന് നിങ്ങളുടെ സത്യസന്ധതയുടേയും കൂറിന്റേയും മാതൃക കാണിക്കുക.

### ഹദ്റത്ത് അബൂബകർ സിദ്ദീഖ്رضي الله عنهന്റെ മാതൃക മുന്നിൽ വെക്കുക.

ഹദ്റത്ത് അബൂബകർ സിദ്ദീഖ്رضي الله عنهന്റെ മാതൃക എപ്പോഴും മുന്നിൽ വെക്കുക.നാലുഭാഗത്തും ഖുറയ്ശികൾ ദ്രോഹപ്രവൃത്തികൾ ചെയ്തുകൊണ്ടിരുന്ന നബി(സ)തിരുമേനിയുടെ അക്കാലത്തെ കുറിച്ച് ചിന്തിക്കുക. കുഫ്ഫാർ അഥവാ സത്യനിഷേധികൾ നബി(സ)തിരുമേനിയെ വധിക്കാൻ പദ്ധതിയിട്ടു. അക്കാലം വലിയ പരീക്ഷണത്തിന്റെ കാലമായിരുന്നു. ഇന്ന് എത്രത്തോളം നിങ്ങൾ ഇരുന്നിട്ടുണ്ടോ, അത്തരത്തിലുള്ള ഏതെങ്കിലും പരീക്ഷണം വന്നാൽ ആരാണ് കൂടെയുണ്ടാകുക എന്ന് അവരവരുടെ സ്ഥലത്തിരുന്ന് ചിന്തിക്കുക. അല്ലെങ്കിൽ ഉദാഹരണത്തിന് ആരാരൊക്കെയാണ് ഈ വ്യക്തിക്ക് ബയ്അത്തു ചെയ്തിട്ടുള്ളതെന്ന് സർക്കാറിന്റെ ഭാഗത്തുനിന്നുതന്നെ എന്തെങ്കിലും അന്വേഷണം തുടങ്ങിയാൽ തങ്ങൾ ബയ്അത്തുചെയ്ത്ട്ടുള്ളവരാണെന്ന് തന്റേടത്തോടെ പറയുന്നവരായി എത്രപേരുണ്ടാകും? ചിലരുടെ കൈകാലുകൾ സ്തംഭിച്ചുപോകാമെന്ന് എനിക്കറിയാം. അവർക്ക് ക്ഷണത്തിൽ തങ്ങളുടെ സ്വത്തുവകകളുടേയും ബന്ധുക്കളുടേയും വിചാരങ്ങളുണ്ടാകാം;അത് തങ്ങൾക്ക് ഉപേക്ഷിക്കേണ്ടിവരുമെന്ന്!പ്രയാസങ്ങളുണ്ടാകുന്ന നേരത്ത് കൂടെനില്ക്കുക എന്നത് എപ്പോഴും സമ്പൂർണത കൈവരിച്ച വിശ്വാസികളുടെ പ്രവൃത്തിയാണ്. നബി(സ)തിരുമേനിയുടെ കാലം കഠിനമായ പരീക്ഷണത്തിന്റെ കാലമായിരുന്നു. ആ മഹാത്മാവിനെ വധിക്കാൻ പദ്ധതികളുണ്ടായിക്കൊണ്ടിരിക്കുകയായിരുന്നു. ഹദ്റത്ത് അബൂബക്ർرضي الله عنهലോകത്ത് എങ്ങും കാണാൻ പറ്റാത്ത നിലയിലുള്ള സുഹൃത്ബന്ധത്തിന്റെ കടമ നിറവേറ്റി. ഈ ശക്തിയും ഈ കഴിവും ഈമാനില്ലാതെ വരികയില്ല. മനുഷ്യൻ കർമപരമായ നിലയിൽ ഈമാനിനെ തന്റെ ഉള്ളിൽ പ്രവേശിപ്പിക്കാത്തിടത്തോളം ഒന്നും സാധ്യമാകുകയില്ല. ഒഴിവുകഴിവുപറഞ്ഞുള്ള പ്രവർത്തനം ആ നേരംവരെ അകലുകയുമില്ല. പ്രാവർത്തികമായി തീ പടർന്നു പിടിച്ചിരിക്കുമ്പോൾ സ്ഥിരചിത്തതയോടെ നില്ക്കുന്നവർ വളരെ കുറച്ചേ ഉണ്ടാകുകയുള്ളു. നാശങ്ങളിറങ്ങിയ അവസാന നേരത്ത് മസീഹിന്റെ ഹവാരീങ്ങൾ അദ്ദേഹത്തെ വിട്ടു ഓടിക്കളഞ്ഞു. ചിലർ നേരെനിന്ന് ശാപവും ചൊരിഞ്ഞു. *(മൽഫൂദാത്ത് വാല്യം 1, പേജ് 338, പ്രസാധനം ഖാദിയാൻ 2018)*

**യാഥാർഥ്യമെന്താണെന്നാൽ എപ്രകാരം മനുഷ്യരിൽപ്പെട്ട ആരും നബിﷺതിരുമേനിയുടെ ദഅ്വത്തിൽ(ക്ഷണം) നിന്ന് വെളിയിലല്ലയോ മനുഷ്യരെ കൂടാതെ ഒരു സൃഷ്ടിയും നബിﷺതിരുമേനിയിൽ വിശ്വസിക്കാൻ ചുമതലപ്പെടുത്തപ്പെട്ടവരുമല്ല. ഇക്കാരണത്താൽ വിശ്വാസികളായ ഏതൊരു ജിന്നിനെ കുറിച്ചാണോ വിശുദ്ധ ഖുർആനിൽ പറയപ്പെട്ടിട്ടുള്ളത് അവർ മനുഷ്യർ തന്നെയായിരുന്നു; വേറിട്ടൊരു സൃഷ്ടിയല്ലതന്നെ.**

ജിന്ന്, അഹ്ഖാഫ് എന്നീ സൂറത്തുകളിൽ നിന്ന് മനസ്സിലാകുന്നത് ജിന്നുകളുടെ ഒരു ജമാഅത്ത് നബിﷺതിരുമേനിയിൽ വിശ്വസിച്ചിരുന്നുവെന്നാണ്. നബിﷺതിരുമേനിയുമായി കൂടിക്കാഴ്ച നടത്താൻ ജിന്നുകളുടെ ഒരു സംഘം വന്നിരുന്നുവെന്ന് ഹദീഥുകളിൽനിന്നു അറിയാൻ കഴിയുന്നു. സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضي الله عنه പറയുന്നു: നബിﷺതിരുമേനിയിൽ വിശ്വസിച്ചിരുന്ന ജിന്നുകൾ മനുഷ്യരായിരുന്നു. ഇതു സംബന്ധമായി 5 തെളിവുകൾ കഴിഞ്ഞ ലക്കത്തിൽ പ്രതിപാദിച്ചു കഴിഞ്ഞു. വിശ്വാസികളായ ആ ജിന്നുകൾ മനുഷ്യരായിരുന്നു എന്നതിന് ആറാമത്തെ തെളിവ് ഇതാണ്. മുസ്നദ് അഹ്മദ് ബിൻ ഹമ്പലിൽ വരുന്നു:

قال(رسول اللہ صلعم)لھم لقد اعطیت اللیلۃ خمسًا ما اعطیھن احدٌ قبلی امّا انا فارسلت الی الناس کلھم عامۃ وکان من قبلی انما یرسل الی قومہ

(വാല്യം 2, പേജ് 222)

അതായത് നബിﷺതിരുമേനി തഹജ്ജുദ് നമസ്കരിച്ച് അവിടത്തെ പിന്നിൽനിന്ന് നമസ്കാരത്തിൽ പങ്കെടുത്ത കാവൽക്കാരനായ ആളോടു പറഞ്ഞു:ഇന്ന് അഞ്ച് പ്രത്യേകതകൾ എനിക്ക് നല്കപ്പെട്ടു. ഇതിനു മുമ്പേ ആർക്കുംതന്നെ ഈ പ്രത്യേകതകൾ കിട്ടിയിട്ടില്ല. ഒന്ന് ഇതാണ്, ഞാൻ എല്ലാ ജനതകളിലേക്കും വകഭേദമില്ലാതെ നിയോഗിക്കപ്പെട്ടിരിക്കുന്നു. എനിക്കു മുമ്പേ കഴിഞ്ഞു കടന്ന നബിമാർ തങ്ങളുടെ ജനതയിലേക്കുമാത്രം നിയോഗിക്കപ്പെട്ടവരായിരുന്നു. (പിന്നീട് ബാക്കിയുള്ള നാലു പ്രത്യേകതകളും വിവരിക്കപ്പെട്ടു. ആ രാത്രി അഞ്ചു പ്രത്യേകതകൾ ആ മഹാത്മാവിന് ഒരുമിച്ചാണ് പറയപ്പെട്ടത് എന്നതും ഓർക്കേണ്ടതാണ്. അല്ലെങ്കിൽ ചില പ്രത്യേകതകൾ ഉദാഹരണത്തിന് മുകളിൽവിവരിക്കപ്പെട്ടതുതന്നെ, ഇസ്‌ലാമിന്റെ ആരംഭകാലം മുതൽതന്നെ നബിﷺതിരുമേനിക്ക് കിട്ടിക്കഴിഞ്ഞിരുന്നു). ഈ ഹദീഥ് നിലനില്ക്കുമ്പോൾ, നബിﷺതിരുമേനിയിൽ വിശ്വസിച്ച ആ ജിന്നുകൾ മറ്റൊരു

ശേഷം പേജ് 12 ൽ


**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**

ahmadipedia.org

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**The Weekly BADR Qadian (Malayalam)**


## ഈ ലക്കത്തിൽ


ജുമുഅ ഖുത്ബ 22-10-2021 സമ്പൂർണ പരിഭാഷ

അമീറുൽമുഅ്മിനീന്റെ യൂറോപ്യൻ പര്യടന റിപ്പോർട്ട്


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

അല്ലാഹുവാണ! **ലാ അലയ്യ വലാ ലീ** അതായത് എനിക്ക് ശിക്ഷയും വേണ്ട പ്രതിഫലവും വേണ്ട. ആ നിലക്ക് എനിക്ക് മോക്ഷം ലഭിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.'

നബിﷺതിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്,
ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്رضی اللہ عنہന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച

**ഹദ്റത്ത് ഉമർ(റ)ന്റെ ജീവിതത്തിലെ ചില സംഭവങ്ങളും അപ്രകാരംതന്നെ ഹദ്റത്ത് ഉമറിനെ സംബന്ധിച്ചുള്ള സ്വഹാബാക്കളുടേയും ചില മുസ്തശ്രിക്കീങ്ങളുടേയും പ്രതികരണങ്ങളുടെ വിവരണവും.**

മിർസ ബശീർ അഹ്മദ് സാഹിബിന്റെ മകൻ ഡോക്ടർ മിർസ മുബശ്ശിർ അഹ്മദ് സാഹിബിന്റെ ഭാര്യ സാഹിബ്സാദി ആസ്വിഫ മസ്ഊദ് ബീഗം സാഹിബ, കസാക്കിസ്താൻ ജമാഅത്തിന്റെ മുൻ അമീർ റൗലാൻ **സാസൻ ബാഇൗഫ് സാഹിബിന്റെ ഭാര്യ ക്ലാരാ ആപ്പാ സാഹിബ, വിങ് കമാണ്ടർ അബ്ദുർറശീദ് സാഹിബ്, അമേരിക്കയിലെ കരീം അഹ്മദ് നഈം സാഹിബിന്റെ ഭാര്യ സുബയ്ദ ബീഗം സാഹിബ, ഹഫീള് അഹ്മദ് ഗുംമ്മൻ സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ 2021 ഒക്ടോബർ 22/1400 അഖാഅ് 22,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ۞ الرَّحْمٰنِ الرَّحِيمِ ۞ مٰلِكِ يَوْمِ الدِّينِ ۞ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ۞ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ۞

കഴിഞ്ഞ ഖുത്ബയിൽ ഹദ്റത്ത് ഉമറിന്റെ ശഹാദത്തിനെ കുറിച്ച് പറഞ്ഞപ്പോൾ ഹദ്റത്ത് ഉബയ്ദുല്ലാഹ് ബിൻ ഉമറിന്റേയും ഹദ്റത്ത് ഉഥ്മാന്റേയും തർക്കത്തെ കുറിച്ചും പരാമർശിച്ചിരുന്നു. അതോടൊപ്പം ആ നിവേദനം ഏതു രീതിയിലാണ് വന്നിരിക്കുന്നതിനെ കുറിച്ച്, അതെത്രമാത്രം സത്യമാണെന്ന് അല്ലാഹുവിനു മാത്രമേ അറിയൂ എന്നും പറഞ്ഞിരുന്നു. ഇതു സംബന്ധമായി കൂടുതൽ ഗവേഷണം നടത്തിയതിനുശേഷം മുന്നിൽ വന്ന ചില കാര്യങ്ങൾ ഇവിടെ വിവരിക്കുന്നതാണ്. അതു പോലെ മറ്റൊരു പരാമർശം നമുക്ക് ലഭിക്കുന്നത് ഹദ്റത്ത് ഉഥ്മാനുമായി ഹദ്റത്ത് ഉബയ്ദുല്ലാഹ് ബിൻ ഉമർ വഴക്കുകൂടിയത് ഹദ്റത്ത് ഉഥ്മാൻرضی اللہ عنہഖിലാഫത്തിന്റെ സ്ഥാനത്ത് അവരോധിതനാകുന്നതിനു മുമ്പേയായിരുന്നു എന്നാണ്. ഞാൻ മുമ്പേ പറഞ്ഞതാണ് ആ സമയത്ത് ഉബയ്ദുല്ലായുടെ ഉദ്ദേശ്യം ഉണ്ടായിരുന്നതു മദീനയിലെ ഒരു തടവുകാരനെയും ഇന്ന് താൻ ജീവനോടെ വിടില്ലെന്നായിരുന്നു. അദ്ദേഹത്തിനെതിരെ ആദ്യകാല മുഹാജിരീങ്ങളും ഒരുമിച്ചുചേരുകയും അദ്ദേഹത്തെ അക്കാര്യത്തിൽ നിന്നു വിലക്കുകയും അദ്ദേഹത്തെ ഭീഷണിപ്പെടുത്തുകയും ചെയ്തപ്പോൾ താൻ അവരെ എന്തുവന്നാലും കൊന്നൊടുക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹുവിനെ തൊട്ട് ആണയിടുകയാണ് അദ്ദേഹം ചെയ്തത്. അതായത് അവിടെയുണ്ടായിരുന്ന എല്ലാ തടവുപുള്ളികളെയും അടിമകളെയും എല്ലാം നശിപ്പിക്കുമെന്ന ഉറച്ച തീരുമാനത്തിൽ അദ്ദേഹം എത്തിയിരുന്നു. അതുകൊണ്ടുതന്നെ മുതിർന്ന മുഹാജിരീങ്ങളുടെ വാക്കുകൾപോലും അദ്ദേഹം ചെവിക്കൊണ്ടില്ല. അംറ് ബിൻ ആസ് അദ്ദേഹവുമായി ഒരുപാടുനേരം ഇക്കാര്യത്തിൽ ചർച്ച നടത്തുകയും അവസാനം അംറ് ബിൻ ആസിന്റെ കൈയിൽ അദ്ദേഹം തന്റെ വാൾ ഏൽപിക്കുകയുമാണുണ്ടായത്. അതുപോലെ ഹദ്റത്ത് സയീദ് ബിൻ അബി വഖാസ്വും അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കാൻ ചെന്നപ്പോഴും അദ്ദേഹം ഹദ്റത്ത് സഅ്ദുമായും തല്ലുകൂടുകയാണ് ചെയ്തത്. വിവരിച്ചതുപോലെ ഹദ്റത്ത് ഉഥ്മാനുമായി അടിപിടി ഉണ്ടാവുകയും ആളുകൾ ഇടപെട്ട് ഉഥ്മാനെ രക്ഷിക്കുകയും ചെയ്തു എന്ന് വന്നിരിക്കുന്നു. ഈ സംഭവം നടമാടുമ്പോൾ ഹദ്റത്ത് ഉഥ്മാന്റെ കൈകളിലാരും ബയ്അത്ത് ചെയ്തിട്ടുണ്ടായിരുന്നില്ല എന്നുള്ള നിവേദനവുമുണ്ട്. അതായത് ആ സമയത്ത് മുമ്പേ പറഞ്ഞതുപോലെ ഹദ്റത്ത് ഉഥ്മാൻ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടിരുന്നില്ല.*(സീറത്ത് ഉമർ ഫാറൂഖ്, മുഹമ്മദുരിളാ, (മുത്തർജ്ജിം) പേജ് 342-343, പ്രസാധകർ മക്തബ ഇസ്ലാമിയ്യ ലാഹോർ 2010)*

അതുപോലെ മറ്റൊരുകാര്യം നിവേദനങ്ങളിലുള്ളത് ആ സംഭവത്തിനുശേഷം ഹദ്റത്ത് ഉബയ്ദുല്ലായെ പിടികൂടുകയുണ്ടായെന്നാണ്. ഹദ്റത്ത് ഉഥ്മാന്റെ ബയ്അത്തിനുശേഷം, അദ്ദേഹം ഖലീഫയായ ഉടൻ ഹദ്റത്ത് ഉഥ്മാന്റെ മുന്നിൽ ഹദ്റത്ത് ഉബയ്ദുല്ലാഹ് ഹാജരാക്കപ്പെട്ടു . ആ സമയത്ത് അമീറുൽ മുഅ്മിനീൻ ഒരു സംഘം മുഹാജിരീങ്ങളോടും അൻസ്വാറിനോടും അഭിപ്രായം ആരാഞ്ഞു. അദ്ദേഹം പറഞ്ഞു: 'ഇസ്ലാമിന്റെ കാര്യത്തിൽ വിഘ്നം വരുത്തിയ ഈ വ്യക്തിയെ കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്നെ അറിയിക്കുക.' അപ്പോൾ ഹദ്റത്ത് അലി ബിൻ അബി ത്വാലിബ് പറഞ്ഞു: 'അത്തരം വ്യക്തിയെ വെറുതെ വിടുന്നത് നീതിക്ക് നിരക്കാത്തതാണ്. അവനെ വധിക്കണമെന്നാണ് എന്റെ അഭിപ്രായം.' അതായത് ഉബയ്ദുല്ലാഹ് ബിൻ ഉമർ വധശിക്ഷക്ക് അർഹനാണ്. എന്നാൽ, ചില മുഹാജിരീങ്ങൾ ആ അഭിപ്രായത്തെ അസഹിഷ്ണുതാപരവും കഠോരവുമാണെന്ന് പ്രഖ്യാപിക്കുകയും ഇന്നലെ ഹദ്റത്ത് ഉമർ വധിക്കപ്പെടുകയും ഇന്ന് അദ്ദേഹത്തിന്റെ മകൻ വധിക്കപ്പെടുകയും ചെയ്യുന്നത് അസഹനീയമാണെന്ന് പറയുകയും ചെയ്തു. ആ അഭിപ്രായം കേട്ടപ്പോൾ അവിടെ സന്നിഹിതരായവർ എല്ലാം അതീവ ദുഖിതരാകുകയും ഹദ്റത്ത് അലിയും പിന്നെ മൗനം പാലിക്കുകയും ചെയ്തു. എന്തായാലും ആ സങ്കീർണതയെ അതുപോലെതന്നെ വിഷമസന്ധിയെ മറികടക്കുന്നതിന് അവിടെ ഉണ്ടായിരുന്നവർ എന്തെങ്കിലും ഒരു വഴി പറഞ്ഞു തരണമെന്ന് ഹദ്റത്ത് ഉഥ്മാൻ ആവശ്യപ്പെട്ടു. അവരുമായി കൂടിയാലോചന നടത്തി. ഹദ്റത്ത് അംറ് ബിൻ ആസ് ആ സദസ്സിൽ സന്നിഹിതനായിരുന്നു. അദ്ദേഹം പറഞ്ഞു: 'അല്ലാഹു താങ്കളെ ആ കാര്യത്തിൽനിന്നു നിരപരാധി ആക്കിയിരിക്കുകയാണ്. അങ്ങ് മുസ്ലിമീങ്ങളുടെ അമീറാകുന്നതിനു മുമ്പേയുള്ള കാര്യമാണത്. അങ്ങയുടെ ഖിലാഫത്ത് കാലയളവ് തുടങ്ങുന്നതിനുമുമ്പേ നടന്ന സംഭവമായതിനാൽ അക്കാര്യത്തിൽ അങ്ങയ്ക്ക് ഒരു തരത്തിലുള്ള ബാധ്യതയുമില്ല. എന്നാൽ, ഹദ്റത്ത് ഉഥ്മാൻ ആ അഭിപ്രായത്തിൽ തൃപ്തനായില്ല. മറിച്ച് തത്തുല്യമായ നഷ്ടപരിഹാരം നിശ്ചയിക്കുന്നതാകും നല്ലതെന്ന് അദ്ദേഹം കരുതി. അതുകൊണ്ട് അദ്ദേഹം പറഞ്ഞു: 'വധിക്കപ്പെട്ടവരുടെ രക്ഷാധികാരി ഞാനാണ്. ഞാൻ ഇക്കാര്യത്തിനുള്ള നഷ്ടപരിഹാരം നിശ്ചയിക്കുകയും എന്റെതന്നെ സ്വത്തിൽനിന്നു അതു നൽകുകയും ചെയ്യുന്നതാണ്.' *(സയ്യിദുനാ ഹദ്റത്ത് ഉമർ ഫാറൂഖെ അഅ്ളം, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ മുത്തർജ്ജിം, പേജ് 881-882, പ്രസാധകർ ഇസ്ലാമീ കുതുബ്ഖാന ലാഹോർ)*

അതേകുറിച്ച് ഇങ്ങനേയും ഒരു അഭിപ്രായമുണ്ടായി. താരീഖ് ത്വബരിയിൽ ഇപ്രകാരം വന്നിരിക്കുന്നു. ഹദ്റത്ത് ഉബയ്ദുല്ലായെ ഹദ്റത്ത് ഉഥ്മാൻ, ഹുർമുസാന്റെ

മകനെ ഏൽപിക്കുകയും തന്റെ പിതാവിന്റെ പ്രതികാരം വീട്ടാൻ തത്തുല്യമായ പ്രായശ്ചിത്തം എന്ന നിലക്ക് ഉബയ്ദുല്ലായെ വധിക്കാനുള്ള അവകാശം ഹുർമുസാന്റെ മകന് നൽകുകയും ചെയ്തു. എന്നാൽ, ഉബയ്ദുല്ലായെ അദ്ദേഹം വെറുതെ വിടുകയാണ് ചെയ്തത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഈ സംഭവം വിവരിച്ചിരിക്കുന്നു. ഒരു പ്രശ്നം പരിഹരിക്കുന്നതിനുള്ള വിശദീകരണത്തിൽ എഴുതി: 'അതു ഞാൻ കഴിഞ്ഞൊരു ഖുത്ബയിൽ വിവരിച്ചു കഴിഞ്ഞതാണ്. എങ്കിലും ഇവിടെ വ്യക്തമാകുന്നതിനുവേണ്ടി വീണ്ടും വിവരിക്കുകയാണ്. വധിക്കപ്പെട്ട അവിശ്വാസിയ്ക്കു പകരം മുസ്‌ലിമായ ഘാതകന് ശിക്ഷനല്കാമോ? ഉടമ്പടി ചെയ്ത അവിശ്വാസിക്കു പകരം ഘാതകനായ മുസ്‌ലിമിന് ശിക്ഷ നല്കാമോ?'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ പറയുന്നു: 'ഖുമാദ് ബാൻ ബിൻ ഹുർമുസാൻ തന്റെ പിതാവിന്റെ കൊലപാതക സംഭവത്തെ വിവരിച്ചുകൊണ്ട് പറഞ്ഞ കാര്യങ്ങൾ ത്വബരിയിൽ ഇപ്രകാരം വന്നിരിക്കുന്നു. ഹുർമുസാൻ എന്നത് ഒരു ഇറാനിയൻ സൈന്യാധിപനായിരുന്നു. അയാൾ അഗ്നി ആരാധകനായിരുന്നു. രണ്ടാം ഖലീഫ ഹദ്റത്ത് ഉമറിന്റെ വധത്തിനു പിന്നിലുള്ള ഗൂഢാലോചനയിൽ അദ്ദേഹത്തിന് പങ്കുള്ളതായി സംശയിക്കപ്പെടുന്നുണ്ട്. ഇക്കാര്യത്തെ കുറിച്ച് കൂടുതൽ അന്വേഷണം നടത്താതെ ആവേശത്തള്ളിച്ചയാൽ ഉബയ്ദുല്ലാഹ് ബിൻ ഉമർؓ അദ്ദേഹത്തെ വധിക്കുകയും ചെയ്തു. അയാളുടെ മകൻ ഇപ്രകാരം പറയുന്നു: ഇറാനികൾ മദീനയിൽ പരസ്പരം കാണുകയും സംസാരിക്കുകയുമൊക്കെ ചെയ്തുപോന്നിരുന്നു. നല്ല സമ്പർക്കത്തിലായിരുന്നു. അന്യദേശത്ത് പോയാൽ എല്ലാവർക്കും സ്വദേശസ്നേഹം പ്രകടമായ നിലയിലുണ്ടാകുന്നത് സ്വാഭാവികമാണ്. ഹദ്റത്ത് ഉമറിന്റെ ഘാതകനായ ഫിറോസ് ഒരു ദിവസം എന്റെ പിതാവിനെ കണ്ടു. അയാളുടെ കൈയിൽ ഒരു ഇരുതല മൂർച്ചയുള്ള കഠാര ഉണ്ടായിരുന്നു. ഹുർമുസാന്റെ മകന്റെ വിവരണമാണിത്. പറയുന്നു: എന്റെ പിതാവ് ആ കഠാര അയാളുടെ കൈയിൽ നിന്നു വാങ്ങി. എന്നിട്ട് ചോദിച്ചു, ഈ നാട്ടിൽ ഇങ്ങനെ ഒരു കഠാര ഉപയോഗിച്ച് നീ എന്താണ് ചെയ്യുന്നത്? അതായത് ഈ നാട്ടിൽ സമാധാന അന്തരീക്ഷമാണുള്ളത്. ഇവിടെ ആയുധങ്ങളുടെ ആവശ്യമെന്താണ്? അപ്പോൾ അയാൾ പറഞ്ഞു: 'ഞാൻ ഇതുകൊണ്ട് ഒട്ടകത്തെ തെളിക്കുകയാണ് ചെയ്യുക.' അവർ രണ്ടുപേരും സംസാരിച്ച് കൊണ്ടിരിക്കുമ്പോൾ ആരോ ഒരാൾ അവരെ ഒരുമിച്ചുകണ്ടു. ഹദ്റത്ത് ഉമർ വധിക്കപ്പെട്ടപ്പോൾ താൻ ഈ കഠാര ഹുർമുസാൻ, ഫിറോസിന് നൽകുന്നതായി കണ്ടിരുന്നുവെന്ന് അയാൾ മൊഴി നൽകി. അതുകേട്ടതും ഹദ്റത്ത് ഉമറിന്റെ ഇളയ മകൻ ഉബയ്ദുല്ലാഹ് പോയി എന്റെ പിതാവിനെ കൊന്നു. ഹദ്റത്ത് ഉഥ്മാൻ ഖലീഫയായ ശേഷം അദ്ദേഹം എന്നെ വിളിപ്പിക്കുകയും ഉബയ്ദുല്ലായെ പിടികൂടുകയും എന്നെ ഏല്പിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു. അല്ലയോ എന്റെ മകനേ! ഇവൻ നിന്റെ പിതാവിന്റെ ഘാതകനാണ്. ഇവന്റെ കാര്യത്തിൽ നിനക്കാണ് ഞങ്ങളെക്കാൾ കൂടുതൽ അവകാശമുള്ളത്. അതുകൊണ്ട് ഇവനെ കൊണ്ടുപോയി വധിച്ചേക്കുക. ഞാൻ അവനെയും കൊണ്ട് മദീനക്ക് പുറത്തുപോയി. വഴിയിൽവച്ച് എന്നെ കണ്ടവരെല്ലാം എന്നോടൊപ്പംകൂടി. ആരും എന്നെ എതിർക്കാനൊന്നും വന്നില്ല. എന്നാൽ, ഇവനെ വെറുതെ വിടണമെന്ന് അവർ അപേക്ഷിച്ചുകൊണ്ടിരുന്നു. ഞാൻ മുസ്‌ലിമീങ്ങളുടെ നേരെ തിരിഞ്ഞു ചോദിച്ചു: 'ഇവനെ വധിക്കാൻ എനിക്ക് അവകാശമുണ്ടോ?' നിങ്ങൾക്കതിനുള്ള അവകാശമുണ്ടെന്ന് എല്ലാവരും മറുപടി പറഞ്ഞു. ഉബയ്ദുല്ലാഹ് ചെയ്ത പ്രവൃത്തിയെ അവർ കുറ്റപ്പെടുത്തി. ഞാൻ വീണ്ടും അവരോടു ഇവനെ എന്നിൽ നിന്നു മോചിപ്പിക്കാൻ നിങ്ങൾക്ക് അവകാശമുണ്ടോ? എന്ന് ചോദിച്ചു. അവർ പറഞ്ഞു: 'ഒരിക്കലുമില്ല.' എന്നിട്ട് വീണ്ടും തെളിവില്ലാതെ നിങ്ങളുടെ പിതാവിനെ വധിച്ചിരിക്കുന്നുവെന്ന് അവർ ഉബയ്ദുല്ലായെ കുറ്റപ്പെടുത്തി. അങ്ങനെ ഞാൻ ദൈവത്തിനുവേണ്ടിയും അവർക്കുവേണ്ടിയും അവനെ വെറുതെ വിട്ടു. മുസ്‌ലിമീങ്ങൾ സന്തോഷാധിക്യത്താൽ എന്നെ അവരുടെ ചുമലുകളിൽ ഉയർത്തി. ദൈവത്താണ! ഞാനെന്റെ വീടുവരെ ജനങ്ങളുടെ തോളുകളിലും തലകളിലും ഇരുന്നാണ് വന്നത്. എന്നെ അവർ നിലത്ത് കാലുകൾ കുത്താൻ സമ്മതിച്ചില്ല. അമുസ്‌ലിമായ ഒരു വ്യക്തിയെ ഒരു മുസ്‌ലിം വധിക്കുകയാണെങ്കിലും അതിന് ശിക്ഷയായി വധശിക്ഷ തന്നെയാണ് വിധിക്കുക എന്നതായിരുന്നു സ്വഹാബാക്കളുടെ രീതി എന്ന് ഈ നിവേദനത്തിൽ നിന്നു മനസ്സിലാകുന്നു. ഏത് ആയുധം ഉപയോഗിച്ചാണോ ഒരാൾ വധിക്കപ്പെട്ടത് അതേ ആയുധംകൊണ്ട് ഘാതകനും വധിക്കപ്പെടും. അതുപോലെ ഘാതകനെ അറസ്റ്റ് ചെയ്യുന്നതും ശിക്ഷ വിധിക്കുന്നതും ഭരണകൂടമാണെന്നും ഇതിൽനിന്നു മനസ്സിലാകുന്നു. കാരണം ഹദ്റത്ത് ഉഥ്മാനാണ് ഉബയ്ദുല്ലാഹ് ബിൻ ഉമറിനെ അറസ്റ്റു ചെയ്തതും അദ്ദേഹത്തെ വധിക്കാൻ ഹുർമുസാന്റെ മകനെ ഏൽപിച്ചതുമെന്ന് ഈ നിവേദനത്തിൽ പ്രകടമാണ്. ഹുർമുസാന്റെ ബന്ധുക്കളാരും ഉബയ്ദുല്ലാക്കെതിരെ കേസു കൊടുക്കുകയോ പിടികൂടുകയോ ചെയ്തിരുന്നില്ല.

ഇവിടെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ പറയുന്നു: 'ഹദ്റത്ത് ഉഥ്മാൻ ചെയ്തതുപോലെ ഘാതകനെ ശിക്ഷിക്കാൻ, വധിക്കപ്പെട്ട വ്യക്തിയുടെ ബന്ധുക്കളെ ഏൽപിക്കുകയാണോ ചെയ്യേണ്ടത് അതോ ഭരണകൂടം സ്വയം അത് ഏറ്റെടുക്കുകയാണോ ചെയ്യേണ്ടത് എന്ന സംശയവും ഈ അവസരത്തിൽ ദുരീകരിക്കേണ്ടത് അത്യാവശ്യമാണ്. ഇതൊരു അനുബന്ധ വിഷയം മാത്രമാണെന്ന് ഓർക്കുക . ഓരോ കാലഘട്ടത്തിലും സാഹചര്യമനുസരിച്ച് പ്രവർത്തിക്കാൻ ഈ കാര്യത്തിൽ ഇസ്‌ലാം ഇളവ് നൽകിയിരിക്കുകയാണ്. തങ്ങളുടെ സാംസ്കാരികമായ പുരോഗതിക്കനുസരിച്ച് ഏതുരീതിയാണോ അനുയോജ്യമായത് അത് ഒരു സമുദായത്തിന് സ്വീകരിക്കാവുന്നതാണ്. ഈ രണ്ടുരീതിയും വ്യത്യസ്തമായ അവസ്ഥകളിൽ ഗുണകരമാണെന്നതിൽ ഒരു സംശയവുമില്ല. *(തഫ്സീറെ കബീർ വാല്യം 2, പേജ് 359-361)*

ഈ വിശദീകരണത്തിനുശേഷം ഞാൻ ഹദ്റത്ത് ഉമറിനെ കുറിച്ചുള്ള ചില സംഭവങ്ങൾ വിവരിക്കുന്നതാണ്. വഫാത്തിന്റെ സമയത്ത് ഹദ്റത്ത് ഉമർؓ എപ്രകാരമായിരുന്നു താൻ എത്രത്തോളം നിസ്സാരനാണെന്നും അനർഹനാണെന്നും പറഞ്ഞ് വിലപിച്ചിരുന്നത് എന്നതിനെ കുറിച്ച് അദ്ദേഹത്തിന്റെ മകൻ നിവേദനം ചെയ്യുന്നു. എന്നോട് എന്റെ പിതാവ് പറഞ്ഞു: 'എന്നെ കഫൻ പൊതിയുന്ന കാര്യത്തിൽ മിതത്വം കൈക്കൊള്ളേണ്ടതാണ്. അല്ലാഹുവിന്റെ പക്കൽ എനിക്ക് നന്മയാണ് വിധിച്ചതെങ്കിൽ എനിക്ക് അതിലും നല്ല വസ്ത്രം അവൻ നൽകുന്നതായിരിക്കും. അതല്ലെങ്കിൽ അവൻ അത് എന്നിൽ നിന്നു തട്ടിമാറ്റുന്നതാണ്. അക്കാര്യത്തിൽ അവൻ ധിറുതി കാണിക്കുന്നതുമാണ്. അതുപോലെ തന്നെ എന്റെ ഖബറിന്റെ കാര്യത്തിലും മിതത്വം പാലിക്കേണ്ടതാണ്. അല്ലാഹുവിന്റെ പക്കൽ എനിക്ക് നന്മയാണ് വിധിച്ചതെങ്കിൽ അവൻ അത് എനിക്ക് എന്റെ കണ്ണെത്താ ദൂരത്തോളം വിശാലമാക്കി തരുന്നതാണ്. അതല്ല സ്ഥിതിയെങ്കിൽ അവൻ എനിക്കതു കൂടുതൽ ഇടുങ്ങിയതാക്കുന്നതുമാണ്. എത്രത്തോളമെന്നാൽ എന്റെ വാരിയെല്ലുപോലും തകർന്ന് പോകുന്നതായിരിക്കും. അതുപോലെ എന്റെ ജനാസയോടൊപ്പം ഒരു സ്ത്രീയേയും കൊണ്ടുപോകരുത്. എന്നിലില്ലാത്ത കാര്യങ്ങൾ പറഞ്ഞ് എന്നെ വാഴ്ത്തുകയുമരുത്. കാരണം എന്നെ കൂടുതൽ അറിയുന്നവൻ അല്ലാഹുവാണ്. അതുപോലെ എന്നെ കൊണ്ടുപോകുമ്പോൾ നിങ്ങൾ ധിറുതിപ്പെടരുത്. കാരണം അല്ലാഹുവിന്റെ പക്കൽ എനിക്ക് നന്മയാണ് വിധിച്ചതെങ്കിൽ, നിങ്ങളെന്നെ കൂടുതൽ ശ്രേഷ്ഠമായ കാര്യത്തിലേക്കാണ് കൊണ്ടുപോകുന്നത്. സ്ഥിതി മറിച്ചാണെങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ ചുമലിൽനിന്നു ഈ ശല്യത്തെ ഇറക്കി വെക്കുകയും ചെയ്യാം.' അങ്ങനെയല്ല പറഞ്ഞത്, എന്നെ നിങ്ങൾ കൊണ്ടുപോകുമ്പോൾ ധിറുതിപ്പെടണമെന്നാണ് പറഞ്ഞിരിക്കുന്നത്. കാരണം അല്ലാഹുവിന്റെ പക്കൽ എനിക്ക് നന്മയാണ് വിധിച്ചതെങ്കിൽ നിങ്ങൾ എനിക്ക് കൂടുതൽ ശ്രേഷ്ഠമായ കാര്യത്തിലേക്കാണ് എന്നെ കൊണ്ടുപോകുന്നത്. സ്ഥിതി മറിച്ചാണെങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ ചുമലിൽ നിന്നു ഈ ശല്യത്തെ ഇറക്കി വെക്കുകയും ചെയ്യാം *(അത്ത്വബഖാത്തുൽകുബ്റാ, വാല്യം 3, പേജ് 273, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1990)*

ഇതിനുപുറമെ ഹദ്റത്ത് ഉമർؓതന്നെ, മയ്യിത്ത് കുളിപ്പിക്കുമ്പോൾ കസ്തൂരി പോലുള്ളവ ഉപയോഗിക്കരുതെന്ന് വസ്വിയ്യത്ത് ചെയ്തിരുന്നു. *(അത്ത്വബഖാത്തുൽകുബ്റാ, വാല്യം 3, പേജ് 274-275, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1990)*

ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനിൽ നിന്നു നിവേദനം. ഞാൻ ഹദ്റത്ത് ഉമർؓന്റെ അടുത്തു പോയി. അപ്പോൾ അദ്ദേഹം തന്റെ ശിരസ്സ് മകൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിന്റെ മടിയിൽ വെച്ചിരിക്കുകയായിരുന്നു. ഹദ്റത്ത് ഉമർؓതന്റെ കവിൾത്തടം നിലത്തുവെക്കാൻ അബ്ദുല്ലാഹ് ബിൻ ഉമറിനോട് പറഞ്ഞു. അപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് പറഞ്ഞു: 'എന്റെ മടിയും നിലവും സമനിരപ്പിലാണല്ലോ ഉള്ളത്.' അതായത് അവ തമ്മിൽ അത്ര ദൂരമില്ലെന്ന്. ഹദ്റത്ത് ഉമർؓ രണ്ടാമത്തേയോ

മൂന്നാമത്തേയോ തവണ പറഞ്ഞു: 'നിനക്കു നന്മ വരട്ടെ. എന്റെ കവിൾത്തടം നിലത്തുവെക്കുക.' തുടർന്ന് ഹദ്റത്ത് ഉമർﷺ തന്റെ ഇരുകാലുകളും ചേർത്തുവെച്ചു. നിവേദകൻ പറയുന്നു: 'ഞാൻ ഹദ്റത്ത് ഉമർﷺഇങ്ങനെ പറയുന്നതായി കേട്ടു. 'അല്ലാഹു എനിക്ക് പൊറുത്തു തന്നില്ലെങ്കിൽ എന്റേയും എന്റെ ഉമ്മയുടേയും സർവ്വനാശമാണ്.' ശേഷം അദ്ദേഹം വഫാത്തായി. *(അത്ത്വബഖാത്തുൽകുബ്റാ, വാള്യം 3, പേജ് 274-275, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1990)*

ഹദ്റത്ത് സമാക് ഹൻഫി പറയുന്നു: 'ഞാൻ ഇബ്നു അബ്ബാസ് ഇങ്ങനെ പറയുന്നത് കേട്ടു, ഹദ്റത്ത് ഉമർﷺനോട് ഞാൻ പറഞ്ഞു: 'അല്ലാഹു താങ്കൾ മുഖേന പുതിയ പട്ടണങ്ങൾ നിർമിക്കുകയുണ്ടായി. താങ്കൾ മുഖേന ഒരുപാടു വൻവിജയങ്ങളും നൽകുകയുണ്ടായി. അതുപോലെ താങ്കൾ മുഖേന ഇന്ന ഇന്ന കാര്യങ്ങളൊക്കെ നടന്നു.' അതുകേട്ട് ഹദ്റത്ത് ഉമർﷺപറഞ്ഞു: 'എനിക്ക് ഒരുവിധ പ്രതിഫലവും വേണ്ടെന്നും എന്റെമേൽ ഒരുവിധ പാപഭാരവുമുണ്ടാകരുത് എന്നുമാണ് ഞാനാഗ്രഹിക്കുന്നത്. ആ നിലയിൽ എനിക്കു മോക്ഷം ലഭിക്കണമെന്നാണ്.'

അതായത് ഞാൻ വലിയ വലിയ കാര്യങ്ങൾ ചെയ്തു. എന്റെ കാലത്ത് വലിയ വലിയ വിജയങ്ങൾ നേടാനായി എന്നൊക്കെ ഓർത്തു എനിക്ക് അഭിമാനമൊന്നുമില്ല. പ്രത്യുത അല്ലാഹുവിനോടുള്ള ഭയവും എളിമയുമാണ് എന്നിൽ മുന്തി നിൽക്കുന്നത്. എനിക്ക് പരലോകത്തെ കുറിച്ച് മാത്രമാണ് വേവലാതിയുള്ളത്!

സയ്ദ് ബിൻ അസ്ലം തന്റെ പിതാവിൽ നിന്നു നിവേദനം ചെയ്യുന്നു: ഹദ്റത്ത് ഉമർﷺന്റെ മരണ സമയം അടുത്തപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞു: 'അമീർ സ്ഥാനത്തിന്റെ കാര്യത്തിൽ നിങ്ങൾ എന്നെ സംശയിക്കുന്നു. അല്ലാഹുവാണ! **ലാ അലയ്യ വലാ ലീ** അതായത് എനിക്ക് ശിക്ഷയും വേണ്ട പ്രതിഫലവും വേണ്ട. ആ നിലക്ക് എനിക്ക് മോക്ഷം ലഭിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.' *(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 267, ദിക്ർ ഹിജറത്തു ഉമർബിൻ അൽഖത്ത്വാബ് പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1990)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ﷺഇതിനക്കുറിച്ച് പറയുന്നു: ഹദ്റത്ത് ഉമർﷺ തന്റെ ജീവിതകാലം മുഴുവനും മുസ്‌ലിം ഉമ്മത്തിനു വേണ്ടി ഉഴിഞ്ഞു വെച്ചു. അദ്ദേഹം എല്ലാ സന്ദർഭങ്ങളിലും മഹത്തായ ത്യാഗങ്ങളിൽ മുന്നേറിക്കൊണ്ടിരുന്നു. കർമപരമായി അദ്ദേഹത്തിന്റെ ത്യാഗങ്ങൾ ഹദ്റത്ത് അബൂബക്ർﷺന്റെ ത്യാഗങ്ങളോളം എത്തിയില്ലെങ്കിലും ഉദ്ദേശ്യലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ അവ തുല്യമായിരുന്നു. ഹദ്റത്ത് അബൂബക്ർﷺവഫാത്തായപ്പോൾ ഹദ്റത്ത് ഉമറിന്റെ കണ്ണുകളിൽ നിന്നു കണ്ണീരൊഴുകുകയും അബൂബക്റിനുമേൽ അല്ലാഹു അനുഗ്രഹം ചൊരിയട്ടെ എന്നു പ്രാർഥിക്കുകയും താൻ പല തവണ അദ്ദേഹത്തേക്കാൾ മുന്നേറാൻ ശ്രമിച്ചെങ്കിലും ഒരിക്കലും അക്കാര്യത്തിൽ വിജയിച്ചില്ലെന്ന് പറയുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: 'ഒരിക്കൽ നബിﷺതിരുമേനി സാമ്പത്തിക ത്യാഗത്തിന് ആഹ്വാനം ചെയ്തു. അപ്പോൾ ഞാൻ എന്റെ പകുതി സമ്പാദ്യം കൊണ്ടുവന്നു. അന്ന് ഞാൻ കരുതിയത് ഇന്നെനിക്ക് അബൂബക്റിനെ കവച്ചുവെക്കാൻ കഴിയുമെന്നാണ്. എന്നാൽ, അബൂബക്ർﷺഎന്നേക്കാൾ മുമ്പേ അവിടെ എത്തിയിരുന്നു. നബിﷺതിരുമേനിക്ക് അദ്ദേഹവുമായി കുടുംബബന്ധമുള്ളതിനാലും അദ്ദേഹം ഒന്നും തന്നെ ബാക്കി വെച്ചിട്ടുണ്ടാകില്ലെന്ന് അറിയുന്നതിനാലും നബിﷺതിരുമേനി ഇപ്രകാരം ചോദിച്ചു: 'അബൂബക്റേ! താങ്കൾ വീട്ടിൽലെന്താണ് ബാക്കി വെച്ചിട്ടുള്ളത്? അദ്ദേഹം പറഞ്ഞു: 'ഞാൻ എന്റെ വീട്ടിൽ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരു മാത്രമാണ് ബാക്കി വെച്ചിട്ടുള്ളത്.' ഇതും പറഞ്ഞു ഹദ്റത്ത് ഉമർ കരയുകയും അന്നും തനിക്ക് അദ്ദേഹത്തെ കവച്ചു വെക്കാനായില്ലെന്ന് പറയുകയും ചെയ്തു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺപറയുന്നു: 'ഇതായിരുന്നു അവരുടെ ത്യാഗങ്ങളുടെ നിലവാരം. ആ സംഭവത്തിനു മുമ്പേയും ഹദ്റത്ത് അബൂബക്ർ ധനത്യാഗം ചെയ്തിരുന്നു. എന്നാൽ, ആ പ്രത്യേക അവസരത്തിൽ തന്റെ കൈയിലുള്ള സർവ്വതും അദ്ദേഹം സമർപ്പിച്ചു. ഒരു ഭാഗത്ത് ഇക്കൂട്ടരായിരുന്നു. മറുഭാഗത്ത് തങ്ങളുടെ ധനത്തിന്റെ പത്തിലൊന്ന് ഭാഗം പോലും ത്യാഗം ചെയ്യാൻ അവസരം കിട്ടാത്തവരാണ്. തങ്ങൾ പാപ്പരാണെന്നാണ് അവർ പറയുന്നത്. ഹദ്റത്ത് ഉമർ ﷺവഫാത്താകുമ്പോൾ ഇടക്കിടെ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹം ഇപ്രകാരം പറഞ്ഞു കൊണ്ടിരുന്നു. 'അല്ലാഹുവേ!ഞാൻ ഒരു സമ്മാനത്തിനും അർഹനല്ല. ശിക്ഷയിൽനിന്നു രക്ഷപ്പെടണമെന്നുമാത്രമാണ് ഞാനാഗ്രഹിക്കുന്നത്.' *(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 10, പേജ് 24)*

ഇനി ജനാസയെയും ഖബറടക്കത്തെയും കുറിച്ചാണ് വിവരിക്കുന്നത്. അദ്ദേഹത്തിന്റെ മകൻ ഹദ്റത്ത് അബ്ദുല്ലാഹ്ﷺഹദ്റത്ത് ഉമറിന്റെ മയ്യിത്ത് കുളിപ്പിച്ചു. ഹദ്റത്ത് ഇബ്നു ഉമറിൽനിന്നു നിവേദനം. മസ്ജിദ് നബ്‌വിയിൽവച്ച് ഹദ്റത്ത് ഉമറിന്റെ ജനാസ നമസ്കാരം നടന്നു. ഹദ്റത്ത് സ്വുഹയ്ബ്ﷺഅദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. അദ്ദേഹത്തിന്റെ ജനാസ നമസ്കാരം നിർവഹിക്കപ്പെട്ടത് നബിﷺതിരുമേനിയുടെ മിമ്പറിനും റൗളക്കുമിടയിലുള്ള സ്ഥലത്തായിരുന്നു. ഹദ്റത്ത് ജാബിറിൽ നിന്നു നിവേദനം. ഹദ്റത്ത് ഉമറിനെ ഖബറിലേക്ക് ഇറക്കാൻ ഉഥ്മാൻ ബിൻ അഫ്ഫാനും സയീദ് ബിൻ സയ്ദും സ്വുഹയ്ബ് ബിൻ സിനാനും അബ്ദുല്ലാഹ് ബിൻ ഉമറുമായിരുന്നു ഖബറിൽ ഇറങ്ങി നിന്നത്. *(അത്ത്വബഖാത്തുൽ കുബ്റാ വാള്യം 3, പേജ് 279 -281, ഫീ ദിക് രി ഇസ്തിഖ്‌ലാഫ് ഉമർ, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1990) (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ , വാള്യം 4, പേജ് 166, ദാറുൽകുതുബുൽ ഇൽമിയ്യ, അത്ത്വബഅത്തുഥ്ഥാലിഥ)*

ഇവർക്കുപുറമെ ഹദ്റത്ത് അലി, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്, ഹദ്റത്ത് സഅ്ദ് ബിൻ അബി വഖാസ്, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം എന്നിവരുടെ പേരുകളും ഇത് സംബന്ധമായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. *(സയ്യിദുനാ ഹദ്റത്ത് ഉമർ ഫാറൂഖെ അഅ്ളം, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ മുതർജ്ജിം, പേജ് 867-868, പ്രസാധകർ ഇസ്‌ലാമീ കുതുബു ഖാന ലാഹോർ)(അൽഫാറൂഖ്, ശിബ്‌ലി നുഅ്മാനീ, പേജ് 169, ദാറുൽഇശാഅത്ത് കറാച്ചി 1991)*

ഹദ്റത്ത് മസീഹ് മൗഊദ്ﷺ പറയുന്നു: 'സ്വാലിഹീങ്ങളുടെ അടുത്ത് ഖബറടക്കപ്പെടുക എന്നതും ഒരനുഗ്രഹമാണ്. ഹദ്റത്ത് ഉമർﷺനെ കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു. മരണാസന്ന നിലയിൽ ഹദ്റത്ത് ആഇശﷺയോട് നബിﷺതിരുമേനിയോട് ചേർന്നുള്ള സ്ഥലം തനിക്ക് തരാനുള്ള അനുവാദം ചോദിക്കാനായി ആളെ അയച്ചു. വളരെ ഉദാരപൂർവ്വം ഹദ്റത്ത് ആഇശﷺ അദ്ദേഹത്തിന് ആ സ്ഥലം അനുവദിച്ചുകൊടുത്തു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'മാ ബഖിയ ലീ ഹമ്മുൻ ബഅ്ദ ദാലിക്ക. അതായത് അല്ലാഹുവിന്റെ റസൂലിന്റെ റൗളയിൽ ഖബറടക്കപ്പെട്ടാൽ പിന്നെ എനിക്ക് ഒന്നിനെ കുറിച്ചും വിഷമമില്ല.' *(മൽഫൂദാത്ത് വാള്യം 8, പേജ് 286)*

മറ്റൊരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്ﷺപറയുന്നു: 'ആരാണോ അടങ്ങാത്ത അഭിനിവേശത്തോടെ അല്ലാഹുവിന്റെ കോന്തല മുറുകെ പിടിക്കുന്നത് അയാളെ അവൻ നഷ്ടത്തിലാക്കുകയില്ല. ഇനി ലോകത്തുള്ള സകല വസ്തുക്കളും വ്യക്തികളും അയാൾക്കെതിരിൽ തിരിഞ്ഞാലും ശരി! അല്ലാഹുവിനോട് അർഥിക്കുന്നവൻ നഷ്ടത്തിലോ ബുദ്ധിമുട്ടിലോ ഒരിക്കലും അകപ്പെടുകയില്ല. അല്ലാഹു സത്യവാന്മാരെ നിസ്സഹായരായി ഉപേക്ഷിക്കുകയില്ല. അല്ലാഹു അക്ബർ. അവരിരുവരും അതായത് ഹദ്റത്ത് അബൂബക്റിനും ഉമറിനും ആത്മാർഥതയിലും വിശ്വസ്തതയിലും എത്രമാത്രം ഉയർന്ന സ്ഥാനമായിരുന്നു ഉണ്ടായിരുന്നതെന്നാൽ അവരിരുവരും എത്ര അനുഗൃഹീതമായ സ്ഥലത്താണ് ഖബറടക്കപ്പെട്ടതെന്ന് നോക്കുക. മൂസായും ഈസായും ജീവിച്ചിരുന്നെങ്കിൽ അവിടെ തങ്ങൾ ഖബറടക്കപ്പെടണമെന്ന് വളരെയധികം താൽപര്യം കാണിക്കുമായിരുന്നു. വെറും ആഗ്രഹം വെച്ചതുകൊണ്ട് മാത്രം ലഭിക്കുന്ന ഒന്നല്ല ആ ഒരു സ്ഥാനം. വെറുതെ മോഹിച്ചതുകൊണ്ട് മാത്രം ആയില്ല. അന്തസ്സുടയവനായ നാഥന്റെ പക്കൽനിന്നുമുള്ള ഒരു ചിരകാല അനുഗ്രഹമാണത്. ദൈവാനുഗ്രഹങ്ങൾ അനാദികാലം മുതൽക്കു ലഭിച്ച് കൊണ്ടിരിക്കുന്ന ആൾക്കാർക്കു മാത്രമേ അങ്ങനെയൊരു മഹാഭാഗ്യം ലഭിക്കുകയുള്ളു. *(സിർറുൽഖിലാഫ, റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 346, ഉർദു തർജമ സിർറുൽഖിലാഫ പേജ് 78)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ﷺ പറയുന്നു: 'ഹദ്റത്ത് ഉമർﷺ മരണത്തോടടുത്തപ്പോൾ അല്ലാഹുവിന്റെ റസൂലിന്റെ കാൽക്കീഴിൽ ഖബറടക്കപ്പെടാൻ തനിക്ക് സ്ഥലം ലഭിക്കണമെന്ന് അതിയായ ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. അദ്ദേഹം ഹദ്റത്ത് ആഇശﷺയോട് ഇപ്രകാരം അനുമതി തേടി. നബിﷺതിരുമേനിയുടെ ഖബറിനോടുചേർന്ന് തനിക്ക് ഖബറിനിടം നൽകണമെന്ന് അപേക്ഷിക്കുന്നു. ക്രിസ്തീയ ചരിത്രകാരന്മാരും ഹദ്റത്ത് ഉമറിനെ കുറിച്ച് എഴുതിയിട്ടുള്ളത് അദ്ദേഹത്തെപോലെ ഭരണനൈപുണ്യമുണ്ടായിരുന്ന ഒരാളും ഈ ലോകത്ത് ഉണ്ടായിരുന്നില്ലെന്നാണ്. നബിﷺതിരുമേനിയെ അവർ ചീത്ത പറയുന്നു.

അതായത് ആ ചരിത്രകാരന്മാർ നബിയെ അധിക്ഷേപിക്കുന്നെങ്കിലും ഹദ്റത്ത് ഉമറിനെ വാനോളം പുകഴ്ത്തുന്നു. അത്തരം ഒരു വ്യക്തി നബിﷺതിരു മേനിയുടെ സഹവാസത്തിൽ ദീർഘനാൾ കഴിച്ചുകൂട്ടിയിട്ടും മരിക്കുന്ന നേരത്തും നബിﷺതിരുമേനിയുടെ കാൽ ചുവട്ടിലും സഹവാസത്തിലും തന്നെ ഖബ റടക്കണമെന്നുള്ള ഉൾക്കടമായ ആഗ്രഹമാണ് പ്രകടിപ്പിക്കുന്നത്. നബിﷺതിരുമേനിയുടെ പ്രവൃത്തികൾ ദൈവപ്രീതി കാംക്ഷിച്ചുകെ ാണ്ടല്ലായിരുന്നെങ്കിൽ ഹദ്റത്ത് ഉമറിനെ പോലൊരു വ്യക്തി ഇത്രയും മഹത്തായ സ്ഥാനം ലഭിച്ചതിനുശേഷവും നബി ﷺതിരുമേനിയുടെ കാൽക്കീഴിൽ ഇടം ലഭിക്കണമെന്ന് ആഗ്രഹിക്കുമോ?' *(ദുൻയാ കാ മുഹ്സിൻ, അൽവാറുൽഉലൂം, വാല്യം 10, പേജ് 262)*

നബിﷺതിരുമേനിയുടെ പദവി അത്രയും മഹോന്നതമായിരുന്നതുകൊണ്ടാണ് ഹദ്റത്ത് ഉമർ‍ؓ അദ്ദേഹത്തിന്റെ കാൽക്കീഴിൽ ഇടം ലഭിക്കാൻ ആഗ്രഹിച്ചത്.

### ഹദ്റത്ത് ഉമറിന്റെ വേർപാട്

വഫാത്തിന്റെ നേരത്ത് ഹദ്റത്ത് ഉമറിന്റെ പ്രായമെന്തായിരുന്നു? ഇതിനെ കുറിച്ചും വിവിധ അഭിപ്രായങ്ങളുണ്ട്. ജനന വർഷത്തെ കുറിച്ചും വ്യത്യസ്തങ്ങളായ നിവേദനങ്ങളുണ്ട്. അതുകൊണ്ടു തന്നെ വഫാത്താകുന്ന നേ രത്തുള്ള അദ്ദേഹത്തിന്റെ പ്രായത്തെ കുറിച്ചും അഭിപ്രായങ്ങളുണ്ട്. താരീഖു ത്വബരീ, ഉസു ദുൽഗാബ, അൽബദായ വന്നിഹായ, രിയാ ളുന്നള്റത്ത്, താരീഖുൽ ഖുലഫാ എന്നിവയിൽ നിന്നു അദ്ദേഹത്തിന്റെ മരണ സമയത്തുള്ള പ്രായം 53, 55, 57, 59, 61, 63, 65 എന്നിങ്ങനെ വന്നിട്ടുണ്ട്. *(താരീഖ് അത്ത്വബരി മുത്തർജ്ജിം, വാല്യം 3, ഭാഗം 1, പേജ് 211, പ്രസാധകർ ദാറുൽഇശാഅത്ത് കറാച്ചി 2003) (ഉസു ദുൽഗാബ വാല്യം 4, പേജ് 166, ദാറുൽകുതു ബുൽഇൽമിയ്യ, ബെയ്റൂത്ത്) (അൽബദായ വന്നിഹായ ഭാഗം 10, പേജ് 192-194, പ്രസാധനം ദാറു ഹിജ്ർ 1998)(രിയാളുന്നള്റ പേജ് 418 -419, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്) (താരീഖുൽഖുലഫാ, അഇമ്മാം ജലാലുദ്ദീൻ സുയൂത്വി(മുത്തർജ്ജിം)പേജ് 168, മുംതാസ് അക്കാഡമി ലാഹോർ)*

എന്തായാലും സ്വഹീഹ് മുസ്‌ലിമിലും തിർ മദിയിലുമുള്ള നിവേദനം അനുസരിച്ച് അദ്ദേ ഹത്തിന്റെ പ്രായം 63 ആയിരുന്നു. ഹദ്റത്ത് അനസ് ബിൻ മാലിക്കിൽനിന്നു നിവേദനം. വഫാത്തു നേരത്ത് നബിﷺതിരുമേനിയുടെ പ്രായം 63 വയസ്സായിരുന്നു. ഹദ്റത്ത് അബൂ ബക്റിന്റെ വഫാത്തു നേരത്ത് അദ്ദേഹത്തിന്റെ പ്രായം 63 ആയിരുന്നു. ഹദ്റത്ത് ഉമർ‍ؓന്റെ വഫാത്തു നേരത്ത് അദ്ദേഹത്തിന്റെ പ്രായം 63 ആയിരുന്നു. ഹദ്റത്ത് ഉമറിന്റെ വഫാത്ത് നേരത്ത് സ്വഹാബാക്കൾക്കുണ്ടായിരുന്ന അവ സ്ഥയെ കുറിച്ചുള്ള നിവേദനങ്ങളുണ്ട്. ഹദ് റത്ത് ഇബ്നു അബ്ബാസ് ؓ പറയുന്നു: 'ഹദ്റത്ത് ഉമർ‍ؓന്റെ പരിശുദ്ധ ശരീരം ജനാസ നമസ്കരിക്കാൻവേണ്ടി വെച്ചപ്പോൾ ജനങ്ങൾ അദ്ദേഹത്തിനുചുറ്റും തടിച്ചുകൂടി. അദ്ദേഹത്തിന്റെ മയ്യിത്ത് എടുക്കുന്നതിനുമുമ്പേ അവർ ദുആ ചെയ്യുന്നുണ്ടായിരുന്നു. അതി നുശേഷം ജനാസ നമസ്കരിച്ചു. ഞാനും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. ഒരാൾ എന്റെ തോളിൽ പിടിച്ചു. അപ്പോൾ ഞാൻ പ രിഭ്രമിച്ച് ആരാണെന്ന് നോക്കി. അത് ഹദ്റത്ത് അലി ബിൻ അബി ത്വാലിബായിരുന്നു. അദ്ദേഹം ഹദ്റത്ത് ഉമറിന് ദൈവകാരുണ്യമുണ്ടാകാൻ വേണ്ടി ദുആ ചെയ്തു. എന്നിട്ട് പറഞ്ഞു: 'അദ്ദേഹം എനിക്ക് മറ്റുള്ളവരെക്കാളൊക്കെ കൂടുതൽ പ്രിയങ്കരനായിരുന്നു. കാരണം അദ്ദേഹത്തിന്റെ കർമങ്ങളനുസരിച്ച് കൊണ്ടു ള്ള നിലയിൽ എന്റെ കർമങ്ങളുണ്ടാകുന്ന നേ രത്ത് അല്ലാഹുവുമായി കൂടിക്കാഴ്ച നടത്താൻ ഞാനാഗ്രഹിക്കുന്നു. അല്ലാഹുവാണ! ഞാൻ മനസ്സിലാക്കുന്നത് അല്ലാഹു അദ്ദേഹത്തെ അദ്ദേഹത്തിന്റെ കൂട്ടുകാരോടൊപ്പംതന്നെ വെക്കുമെന്നാണ്. എനിക്കറിയാം നബിﷺ തിരുമേനി ഒരുപാടു തവണ അക്കാര്യം പ റഞ്ഞിട്ടുണ്ട്. നബിﷺതിരുമേനി പറയുമാ യിരുന്നു; **ദഹബ്ത്തു അനാ വ അബൂ ബക്റിൻ വ ഉമറു വ ദഖൽത്തു അനാ വ അബൂബക്റിൻ വ ഉമറു വ ഖറജ്ത്തു അനാ വ അബൂബക്റിൻ വ ഉമറു** അതായത് ഞാനും അബൂബക്റും ഉമറും ഒരുമിച്ചുപോയി. അതുപോലെ ഞാനും അബൂബക്റും ഉമറും ഒരുമിച്ച് പ്രവേശിച്ചു. ഞാനും അബൂബക്റും ഉമറും ഒരുമിച്ച് പുറപ്പെട്ടു. *(സ്വഹീഹ് ബുഖാ രി, കിതാബുൽഫളാഇൽ അസ്ഹാബുന്ന ബിയ്യിﷺ, ബാബു മനാഖിബു ഉമർ ബിൻ അൽഖത്ത്വാബ് ഹദീഥ് 3685)* അതായത് പല സംഭവങ്ങളെയും കുറിച്ച് പറഞ്ഞുകൊ ണ്ട് ഈ വചനങ്ങൾ ഹദ്റത്ത് അലിؓ ഉദ്ധരിച്ചതാണ്.

ജഅ്ഫർ ബിൻ മുഹമ്മദ് തന്റെ പിതാവിൽ നിന്ന് നവേദനം. ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിനെ കുളിപ്പിച്ച് കഫൻ പൊതിഞ്ഞ് അദ്ദേഹത്തിന്റെ കട്ടിലിൽ കിടത്തിയപ്പോൾ ഹദ്റത്ത് അലി അദ്ദേഹത്തിന്റെ ചാരത്തു നിന്നുകൊണ്ട് അദ്ദേഹത്തെ പ്രശംസിച്ചു പ റഞ്ഞു: 'അല്ലാഹുവാണ! ഈ തുണിയിൽ പൊതിഞ്ഞിരിക്കുന്ന വ്യക്തിയെക്കാൾ എനിക്ക് ഈ ഭൂമിയിൽ മറ്റൊരു പ്രിപ്പെട്ടവനുമില്ല. ഞാൻ അദ്ദേഹത്തിന്റെ കർമ പുസ്തകവുമായി അല്ലാ ഹുവിനെ കാണാനാഗ്രഹിക്കുന്നു. *(അത്ത്വ ബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് ഭാ ഗം 3, പേജ് 282, ദിക്ർ ഹിജറത്തു ഉമർബിൻ അൽഖത്ത്വാബ് പ്രസാധനം ദാറുൽകുതു ബുൽഇൽമിയ്യ ബെയ്റൂത്ത് 1990)*

ഹദ്റത്ത് അബു മുഖല്ലദിൽനിന്ന് നിവേദനം. ഹദ്റത്ത് അലിയ്യ് ബിൻ അബീത്വാലിബ് പ റഞ്ഞു:നബിﷺതിരുമേനി വഫാത്താകുന്ന തിനു മുമ്പേ ഞങ്ങൾക്കു മനസ്സിലായി നബി ﷺതിരുമേനി ക്കുശേഷം അബൂബക്ർ ഞങ്ങ ളിൽ ഏറ്റവും ഉത്തമനാണെന്ന്. ഹദ്റത്ത് അബൂബക്ർ വഫാത്താകുന്നതിനുമുമ്പേ ഹദ്റത്ത് ഉമർ ഞങ്ങളിൽ ഏറ്റവും ഉത്തമനാ ണെന്ന് ഞങ്ങൾക്കു മനസ്സിലായിരുന്നു.(സീ റത്ത് ഉമർ ബിൻ അൽഖത്ത്വാബ്, ഇബ്നു ജൂസി, പേജ് 212, മക്തബ മിസ്രിയ്യ അൽ അസ്ഹർ)

സയ്ദ് ബിൻ വഹബ് വിവരിക്കുന്നു: ഞങ്ങൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദിന്റെ അടുത്തുവന്നു. അദ്ദേഹം ഹദ്റത്ത് ഉമറിനെ ഓർത്ത് എത്രത്തോളം കരഞ്ഞെന്നാൽ അദ്ദേ ഹത്തിന്റെ കണ്ണീരിറ്റുവീണ് നിലത്തുള്ള ചരൽ കല്ലുകൾപോലും നനയുകയുണ്ടായി. അതി നുശേഷം അദ്ദേഹം പറഞ്ഞു: 'ഹദ്റത്ത് ഉമർ ഇസ്‌ലാമിന്റെ അജയ്യ ദുർഗമായിരുന്നു. അക്കാലത്ത് ആ കോട്ടയിൽ(ഇസ്‌ലാമിൽ) പ്രവേശിക്കുന്നവർ പുറത്തുപോയിരുന്നില്ല. ജനങ്ങൾ അതിൽ പ്രവേശിക്കുകയും അതിൽ തുടരുകയും ചെയ്തിരുന്നു. അതൊരു ശ ക്തമായ കോട്ടയായിരുന്നു. ജനങ്ങൾ അ തിൽ പ്രവേശിക്കുകയും പുറത്തുപോകാതി രിക്കുകയും ചെയ്തിരുന്നു. പക്ഷേ, അദ്ദേഹം വഫാത്തായപ്പോൾ ആ കോട്ടയ്ക്ക് വിള്ളൽ വീണു. അതുകൊണ്ട് ജനങ്ങൾ ഇസ്‌ലാ മിൽനിന്ന് പുറത്തുപോയിക്കൊണ്ടിരിക്കുക യാണ്. *(അത്ത്വബഖാത്തുൽകുബ്റാ, വാല്യം 3, പേജ് 283, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1990)*

അബൂവാഇലിൽ നിന്ന് നിവേദനം. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്ؓ പറഞ്ഞു: ഹദ്റത്ത് ഉമർ‍ؓന്റെ അറിവ് ത്രാസിന്റെ ഒരു തട്ടിൽ വെക്കുകയും മറ്റുള്ള സകലമനുഷ്യ രുടേയും അറിവ് മറ്റേ തട്ടിൽ വെക്കുകയും ചെയ്താൽ ഹദ്റത്ത് ഉമറിന്റെ തട്ടുതന്നെ യായിരിക്കും ഘനമുള്ളത്. അബൂവാഇൽ പ റഞ്ഞു: ഞാൻ ഈ വിവരം ഇബ്റാഹീമിനോടു പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു:അല്ലാ ഹുവാണ! അങ്ങനെതന്നെയാണ്. അബ്ദു ല്ലാഹ് ബിൻ മസ്ഊദ് അതിനുപരിയായി പറഞ്ഞിട്ടുണ്ട്. ഞാൻ ചോദിച്ചു എന്താണ് പറഞ്ഞത്? അദ്ദേഹം പറഞ്ഞു: ഹദ്റത്ത് ഉമർ‍ؓവഫാത്തായപ്പോൾ അദ്ദേഹം ഇങ്ങ നെ പറഞ്ഞു: 'അറിവിന്റെ 10 ഭാഗങ്ങളിൽ 9 ഭാഗവും പൊയ്പ്പോയി.' *(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാല്യം 3, പേ ജ് 651, ഉമറുബ്നുൽഖത്ത്വാബ് പ്രസാധകർ ദാറുൽഫിക്ർ ബെയ്റൂത്ത് 2003)*

ഹദ്റത്ത് അനസ്ؓ പറഞ്ഞു: ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിന്റെ ശഹാദത്ത് ഉണ്ടാ

ശേഷം പേജ് 8 ൽ


## കലാമുൽ ഇമാം

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."**
*(മൽഫൂദാത്ത് വാല്യം 1, പേജ് 64)*

## കലാമുൽ ഇമാം

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**
*(മൽഫൂദാത്ത് വാല്യം 1, പേജ് 220)*

ത്വാലിബെ ദുആ:
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

ത്വാലിബെ ദുആ:
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാല്യം 6 ലക്കം 47
പേജ് 12-ൽ നിന്ന്)

### (റിപ്പോർട്ട് തുടർച്ച)

### പ്രാദേശിക പത്ര റിപ്പോർട്ട്

സംസ്ഥാനത്തെ ഏറ്റവും വലിയ പത്രമായ ഒന്നരലക്ഷം വായനക്കാരുള്ള DNA മസ്ജിദ് ഉൽഘാടനത്തിന്റെ വാർത്ത നല്ല രീതിയിൽ പ്രസിദ്ധീകരിച്ചു.

വയലുകളിൽ 'എല്ലാവരോടും സ്നേഹം' എന്ന് വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു മസ്ജിദ്. മൂന്നു വർഷത്തെ നിർമാണ പ്രവൃത്തികൾക്കുശേഷം ഗ്രാമത്തിന്റെ സുഖകരമല്ലത്ത ഒരു ഭാഗത്ത് ഹർട്ടിഹെയിം(Hurtigheim)ലെ അഹ്മദിയ്യാ ജമാഅത്ത് അംഗങ്ങൾ പുതുതായി നിർമിച്ച മസ്ജിദിൽ പ്രാർഥന നടത്തുന്നതാണ്. ഇത് കോച്ചർസ് ബർഗ് (Kochersberg)ലെ പ്രഥമ മസ്ജിദാണ്. സുനിശ്ചിതമായും ഈ മസ്ജിദിന്റെ ഉൽഘാടനം ഒരു ചരിത്ര മുഹൂർത്തമാണ്.

ഹർട്ടിഹെയിം(Hurtigheim)ലേക്ക് പ്രവേശിക്കുന്നതും ചോള വയലുകൾക്കിടയിൽ ഒരു അതിമനോഹരമായ മസ്ജിദ് നിർമിക്കാൻ അഹ്മദിയ്യാ ജമാഅത്തിന് അവസരം ലഭിച്ചിരിക്കുന്നു. ഏകദേശം 130 അഹ്മദികൾ സ്ട്രാസ്ബെർഗ് (Strabourg)ജമാഅത്തിൽ താമസിക്കുന്നു. മുമ്പേ ഇവർ വീടുകളിലാണ് നമസ്കരിച്ചിരുന്നത്. അവർ ഇനി ഈ മസ്ജിദിൽ വന്ന് നമസ്കരിക്കുന്നതാണ്. ലോകത്തെ വിവിധ രാജ്യങ്ങളിൽ വിശിഷ്യാ അൾജീരിയയിലും പാക്കിസ്താനിലും നടക്കുന്ന ക്രൂരതകൾക്ക് ഇവർ ഇരയാകുന്നതിനാൽ അവിടെ ഈ ജമാഅത്ത് വളരെ സൂക്ഷ്മതയോടെയാണ് ജീവിച്ചു വരുന്നത്. 2 റൂട്ട് ഡെസ് റൊമൈൻസ് ഹർട്ടിഹെയിമിലെ 2route des romains hurtigheim ആദ്യ മസ്ജിദാണിത്; ഫ്രാൻസിലെ രണ്ടാമത്തേതും. ആദ്യ മസ്ജിദ് സെന്റ്പ്രിക്സിലാണ്(Saint Prix). മൂന്നാമത്തെ ഒരെണ്ണം ബ്യൂവ്റേജസിൽ (Beuvrages) നിർമാണത്തിലാണ്. വളരെയധികം സ്ഥലങ്ങൾ മസ്ജിദിനു വേണ്ടി വാങ്ങാൻ നോക്കിയെന്നും കച്ചവടത്തോടു അടുത്തിരുന്നുവെന്നും എന്നാൽ, ഇവിടുത്തെ മേയർ തങ്ങളെ സ്വീകരിക്കുകയും അനുവാദം നല്കുകയും ചെയ്തുവെന്നും അഹ്മദിയ്യാ ജമാഅത്ത് ഫ്രാൻസ് അമീർ അശ്ഫാഖ് റബ്ബാനി സാഹിബ് വ്യക്തമാക്കി.

മസ്ജിദുകൾ ജമാഅത്തംഗങ്ങളുടെ ആവശ്യമനുസരിച്ചും എണ്ണത്തിന്റേയും അടിസ്ഥാനത്തിലാണ് നിർമിക്കുന്നതെന്ന് ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് പ്രസ്താവിച്ചു. ഇവിടെ 5 വിവിധ ജനവിഭാഗങ്ങളിൽനിന്നുമുള്ള അഹ്മദികൾ താമസിച്ചുവരുന്നുണ്ട്. എണ്ണവും വർധിച്ചു വരുന്നു. ഇതിന്റെ ആവശ്യകത തങ്ങൾക്കുബോധ്യമായി എന്നും അദ്ദേഹം പറഞ്ഞു. മസ്ജിദ് നിർമാണത്തിനു ചെലവായ 5 ലക്ഷം യൂറോയും അഹ്മദീ സഹോദരങ്ങളാണ് നല്കിയത്. നമസ്കാര ഹാൾ 154 ചതുരശ്രമീറ്ററാണ്. 250 പേർക്ക് ഇതിൽ നമസ്കരിക്കാൻ സാധിക്കും.രണ്ടു ഓഫീസുകളും ഒരു ലൈബ്രറിയും ഒരു ചെറിയ സ്വീകരണ ഹാളുമുണ്ട്. 60 വാഹനങ്ങൾ പാർക്കു ചെയ്യാനുള്ള ഇടവും ഒപ്പം തന്നെ മിഷണറിക്ക് താമസിക്കാന് വേണ്ടിയുള്ള വീടും നിർമിച്ചിരിക്കുന്നു.

ഇത് ഒരു സാധാരണ മസ്ജിദാണെന്നും മേയർ നിർദ്ദേശിച്ച പ്രകാരമാണ് നിർമിച്ചതെന്നും അഹമദിയ്യാ ജമാഅത്ത് ഫ്രാൻസ് അമീർ അശ്ഫാഖ് റബ്ബാനി വിവരിച്ചു. പ്രകൃതിയേയും നിർമാണപരമായ രീതികളേയും നിലനിറുത്തിക്കൊണ്ടാണ് ഇതിന്റെ നിർമിതി.

പുറം പട്ടണത്തിൽ നിന്നു വന്നവരുൾപ്പെടെ വളരെയധികം ആളുകൾ തന്റെ അഭിപ്രായത്തോട് വിയോജിപ്പ് രേഖപ്പെടുത്തിയെന്ന് ഹർട്ടിഹെയിം മേയർ പറഞ്ഞു. ഈ മസ്ജിദ് എന്നും രാജ്യത്തിന്റെ നിയമങ്ങൾക്കനുസരിച്ചായിരിക്കും നിലനില്ക്കുകയെന്നും തുടർന്ന് അദ്ദേഹം വ്യക്തമാക്കി. അദ്ദേഹം തുടരുന്നു: നിങ്ങൾ ഇവിടെ എത്തിയിട്ട് 7 വർഷം കഴിഞ്ഞു. നമ്മുടെ പരിപാടികളിൽ നിങ്ങൾ പങ്കെടുക്കുന്നു. മതാചാര്യർ സമ്മേളനം സംഘടിപ്പിക്കുന്നു. പുതുവർഷാരംഭത്തിൽ റോഡുകൾ വൃത്തിയാക്കുന്നു. നിങ്ങൾ സ്വന്തം പ്രവൃത്തികൾ ഇനിയും തുടർന്നു കൊണ്ടിരിക്കുക.'

അദ്ദേഹം തുടരുന്നു:നമ്മുടെ പ്രദേശത്ത് മസ്ജിദിനെ അംഗീകരിക്കുന്നതിന് കുറച്ചു സമയം എടുക്കും.

കോച്ചർസ് ബർഗ് (Kochersberg)പ്രസിഡന്റ് പറയുന്നു: 'ആദ്യം ഈ പദ്ധതിയെ ഞാൻ എതിർത്തിരുന്നു. എന്നാൽ, നിങ്ങളുടെ മുദ്രാവാക്യമായ 'എല്ലാവരോടും സ്നേഹം' എന്റെ മുമ്പിൽ വന്നതോടെ എന്റെ ചിന്ത മാറി. ഇത്ര നല്ല മുദ്രാവാക്യം ലോകത്ത് മുഴക്കുന്ന ഇവർ ഇതിനെ സ്വീകരിക്കില്ലെന്ന് എങ്ങനെ പറയാൻ കഴിയും?

ഇത് ചരിത്രപ്രാധാന്യമുള്ള ഒരു സംഭവമാണെന്ന് അദ്ദേഹം തുടർ ന്ന് പ്രസ്താവിച്ചു.

ഈ പ്രസ്താവനകളോട് പ്രതികരിച്ചു കൊണ്ട് ഖലീഫ പറഞ്ഞു: നമ്മൾ സ്വന്തം അടുത്ത ബന്ധുക്കളേയും മാതാപിതാക്കളേയുംപോലെ അയൽവാസികളെ ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ ഈ മസ്ജിദിന്റെ അടുത്ത് താമസിക്കുന്നവരെല്ലാം നമ്മുടെ അയൽവാസികളാണ്. അവർക്കുവേണ്ടുന്ന സേവനങ്ങൾ തുടരേണ്ടത് നമ്മുടെ നിർബന്ധകടമയാണ്. —

### 2019 ഒക്ടോബർ13 ഞായറാഴ്ച

രാവിലെ 06.30-ന് ഹുദൂർഅൻവർ മസ്ജിദ് മഹ്ദിയിൽ സ്വുബ്ഹി നമസ്കരിപ്പിച്ചു. അതിനുശേഷം താമസ സ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ സ്ട്രാസ്ബെർഗ്(Strabourg) ൽനിന്ന് ജർമനിയിലെ ഫ്രാങ്ക് ഫർട്ടിലേക്ക് മടങ്ങുന്ന ദിവസമായിരുന്നു ഇന്ന്. 11.30-ന് മസ്ജിദ് ഹാളിൽ എത്തിയ ഹുദൂർഅൻവ റിനോടൊപ്പം ഫ്രാൻസ് സന്ദർശന വേളയിൽ സെക്യൂരിറ്റി ഡ്യൂട്ടി നല്കിയ ഖുദ്ദാമുകൾക്ക് ഫോട്ടോ എടുക്കാൻ സൗഭാഗ്യം ലഭിച്ചു.

ശേഷം മസ്ജിദ് വളപ്പിൽ ആപ്പിൾചെടി നട്ടു. ഇതിന്നിടയിൽ മുബല്ലിഗ് മൻസ്വൂർ അഹ്മദ് സാഹിബിനോട് ഹുസൂർ പറഞ്ഞു: 'ആദ്യ വർഷം എത്ര ഫലം ഉണ്ടാകുന്നുവോ എനിക്ക് അത്രയും ബയ്അത്ത് ആവശ്യമുണ്ട്.'

അതിനുശേഷം രാവിലെ മുതൽ പ്രിയപ്പെട്ട ഹുദൂറിനെ യാത്ര അയക്കാൻ ഒരുമിച്ചുകൂടിയ ജമാഅത്ത് സഹോദരന്മാരുടെ ഇടയിലേക്ക് ഹുദൂർ വന്നു. ദുആക്ക് നേതൃത്വം നല്കി. കൈയുയർത്തി എല്ലാവരോടും അസ്സലാമു അലയ്ക്കും പറഞ്ഞ ഹുദൂറും സംഘവും ജർമനിയിലേക്ക് പുറപ്പെട്ടു. ഇവിടെ നിന്ന് ജർമനിയിലെ ബയ്ത്തുസ്സബൂഹ് മസ്ജിദിലേക്കുള്ള ദൂരം 240 കിലോമീറ്ററാണ്.

ഏകദേശം 25 കിലോമീറ്റർ യാത്രയ്ക്കുശേഷം ഫ്രാൻസ് ജർമനി ബോർഡർ ഏരിയയിൽ എത്തിയപ്പോൾ ഒരു പാർക്കിംഗിൽ കുറച്ചുസമയം വിശ്രമിച്ചു. ഇവിടെ ജർമനിയിൽനിന്നു ഹുദൂറിനെ സ്വീകരിക്കാൻ വന്ന സംഘം ഹുദൂറിന് സ്വാഗതമോതി. ജർമൻ അമീർ അബ്ദുല്ലാഹ് വാഗസ് ഹൌസർ സാഹിബ്, ജർമനി ഇൻചാർജ് മുബല്ലിഗ് സ്വദാഖത്ത് അഹ്മദ് സാഹിബ്, നാഷണൽ ജനറൽ സെക്രട്ടറി ഇൽയാസ് മജൂക്ക സാഹിബ്, സ്വദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ജർമനി കമാൽ അഹ്മദ് സാഹിബ് തന്റെ സെക്യൂരിറ്റി ടീമിനോടൊപ്പം ഹുദൂറിനെ സ്വീകരിക്കാനെത്തിയിരുന്നു.

ഇവരോടൊപ്പം സ്ട്രാസ്ബെർഗ്(Strabourg)ൽ നിന്നു ഹുദൂറിനെ യാത്രയയക്കാൻ വന്ന സെക്യൂരിറ്റി ടീം ഹുദൂറിൽനിന്നു ഹസ്തദാനം സ്വീകരിച്ചു. ഫ്രാൻസ് അമീർ അശ്ഫാഖ് റബ്ബാനി സാഹിബ്, ഡെപ്യൂട്ടി അമീർ അസ്ലം ദൂബ്ബരി സാഹിബ്, മുബല്ലിഗ് ഇൻചാർജ് നസ്വീർ അഹ്മദ് ശാഹിദ് സാഹിബ്, ജനറൽ സെക്രട്ടറി ഫഹീം അഹ്മദ് നിയാസ് സാഹിബ്, സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യ ഫ്രാൻസ് ജമീലുർറഹ്മാൻ സാഹിബ് തന്റെ സെക്യൂരിറ്റി ടീമിനോടൊപ്പം ഹുദൂറിന് യാത്ര പറയാൻ ഇവിടെ എത്തിയിരുന്നു.

അതുകഴിഞ്ഞ് യാത്ര തുടർന്നു. ഏകദേശം 180 കിലോമീറ്റർ യാത്രക്കുശേഷം ഒരു അപകടം കാരണത്താൽ മോട്ടർവെ പൂർണമായും അടച്ചിരുന്നു. ഇതു കാരണത്താല് 45 മിനിറ്റുവരെ മോട്ടർവേയിൽ തന്നെ തങ്ങേണ്ടി വന്നു. മോട്ടർവേ തുറന്നതിനു ശേഷം യാത്ര തുടർന്നു. മൊത്തത്തിൽ 240 കിലോമീറ്റർ യാത്രക്കുശേഷം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ജർമൻ ജമാഅത്ത് കേന്ദ്രമായ ഫ്രാങ്ക്ഫർട്ടിലെ ബയ്ത്തുസ്സബൂഹിലെത്തി.

ഫ്രാങ്ക്ഫർട്ട് ജമാഅത്തിന്റെ ചുറ്റു പ്രദേശത്തുള്ള ആബാലവൃദ്ധം ജമാഅത്തംഗങ്ങളും കാറിൽ നിന്നു പുറത്തേക്കുവന്ന ഹുദൂറിന് ഊഷ്മളമായ വരവേൽപു നല്കി. സ്നേഹാതിരേകത്താൽ നാലുപാടും കൈകളുയർന്നു. **അഹ്ലൻ വ്വ സഹ്ലൻ വ്വ മർഹബാ** ശബ്ദത്താൽ അന്തരീക്ഷം മുഖരിതമായി. മറുവശത്ത് സ്ത്രീകളും തങ്ങളുടെ കൈകളുയർത്തി പ്രിയപ്പെട്ട ഇമാമിന് വരവേൽപു നല്കി. ആൺകുട്ടികളും പെൺകുട്ടികളും വെവ്വേറെ സംഘങ്ങളായി സ്വാഗതഗാനവും പ്രാർഥനാ ഗീതവും ആലപിച്ചു. നാലുപാടും സന്തോഷത്തിന്റെ അന്തരീക്ഷമായിരുന്നു.

ഫ്രാങ്ക്ഫർട്ട് ലോക്കൽ അമീർ ഖ്വാജ മുബശ്ശിർ അഹ്മദ്, മുബല്ലിഗ് ഫ്രാങ്ക്ഫർട്ട് ഇംതിയാസ് അഹ്മദ് ശാഹീൻ സാഹിബ് ഹുദൂറിനെ ഔദ്യോഗികമായി സ്വാഗതമോതുകയും ഹുദൂറിൽ നിന്നു ഹസ്തദാനം സ്വീകരിക്കുകയും ചെയ്തു. ഫ്രാങ്ക്ഫർട്ട് പട്ടണത്തിലെ വിവിധ ഹൽഖകളും ജമാഅത്തുകളും കൂടാതെ ചുവടെ ചേർക്കുന്ന ജമാഅത്തുകളിൽ നിന്നുള്ള സഹോദരങ്ങളും എത്തിയിരുന്നു.

ഫ്രൈഡ്ബെർഗ്, ഗീബെൻ, മാൻഹെയിം, ഹനാവു, ഹൈഡൽബെർഗ്, മയിൻസ്, വീസ്ബാഡെൻ, ഹംബർഗ്(Friedberg, Gieben, Mannheim, Hanau, Heidel burg, Mainz, Wiesbaden, Hamburg)

ചില കുടുംബങ്ങൾ നീണ്ടയാത്ര ചെയ്താണ് എത്തിയത്. Hamburg ൽ നിന്നു വന്നവർ 550 കിലോമീറ്റർ യാത്ര ചെയ്താണ് എത്തിയത്.രണ്ടായിരത്തി നാന്നൂറ്റി പതിനഞ്ച് പേരാണ് ഹുദൂറിനെ സ്വീകരിക്കാനെത്തിയത്. 03.25-ന് ഹുദൂർ ളുഹ്ർ-അസ്വ്ർ നമസ്കാരം ജംആക്കി നിർവഹിച്ചു. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങി. രാവിലെ ഓഫീസ് സംബന്ധമായ കത്തുകളും റിപ്പോർട്ടുകളും ഇതര കത്തുകളും പരിശോധിച്ച് ഹുദൂർ ആവശ്യമായ നിർദേശങ്ങൾ നല്കി. ഹുദൂറിന്റെ സന്ദർശനാവസരത്തിൽ ജമാഅത്ത് കേന്ദ്രമായ ലണ്ടനിൽനിന്നും ഖാദിയാൻ, റബ്വ സെന്ററുകളിൽനിന്നും ഇതര രാജ്യങ്ങളിൽ നിന്നും ഹുദൂറിന് കത്തു വന്നു കൊണ്ടിരുന്നു. ഫാക്സ്, ഈമെയിൽ മുഖേനയും വലിയ തോതിൽ കത്തുകൾ വന്നുകൊണ്ടിരുന്നു. ഹുദൂർ സന്ദർശനം നടത്തുന്ന രാജ്യത്തിലെ സ്ത്രീ പുരുഷനമാരിൽ നിന്നും കുട്ടികളിൽനിന്നും ഹുദൂറിന് ആയിരക്കണക്കിന് കത്തുകൾ ലഭിക്കാറുണ്ട്. ഈ കത്തുകളെല്ലാം ഹുദൂർ യാത്രക്കിടയിൽത്തന്നെ പരിശോധിക്കുകയും തന്റെ അനുഗ്രഹീത കൈകൾകൊണ്ട് ഇവയുടെ മേൽ ആവശ്യമായ നിർദ്ദേശങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നു.

08.00 മണിക്ക് ഹുദൂർ മഗ്രിബ്-ഇശാഅ് നമസ്കാരം ജംആക്കി നിർവഹിച്ചു. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങി. ബയ്ത്തുസ്സബൂഹ് മസ്ജിദ് വളപ്പിൽ തന്നെയായിരുന്നു ഹുദൂറിന്റേയും താമസസ്ഥലം. ഈ പരിസരമാകമാനം തോരണങ്ങളാലും വൈദ്യുത വിളക്കുകളാലും അലങ്കരിച്ചിരുന്നു.

### 2019 ഒക്ടോബർ 14 തിങ്കളാഴ്ച

രാവിലെ 06.50-ന് ഹുദൂർ സ്വുബ്ഹി നമസ്കാരത്തിനു നേതൃത്വം നല്കി. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ രാവിലെ ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ വ്യാപൃതനായി.

#### കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ

11.15 ന് ഹുദൂർ ഓഫീസിലെത്തി. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ ആരംഭിച്ചു. രാവിലെ നടന്ന ഈ സെഷനിൽ 38 കുടുംബങ്ങളിൽനിന്നുള്ള 249 പേരും വ്യക്തിഗതമായി 2 പേരും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

കൂടിക്കാഴ്ചക്കെത്തിയ ഇവർ ജർമനിയിലെ 25 ജമാഅത്തുകളിൽനിന്നു വന്നവരാണ്. ചില കുടുംബങ്ങൾ വളരെയധികം ദൂരയാത്ര ചെയ്താണ് എത്തിയത്. ഡോർട്ടുമണ്ട്

(dortmund)ജമാഅത്തിൽ നിന്നുമുള്ളവര് 200 കിലോമീറ്റർ യാത്ര ചെയ്താണ് എത്തിയത്. പാക്കിസ്താനിൽ നിന്നും ലൈബീരിയയിൽ നിന്നും വന്ന ഓരോ കുടുംബത്തിനും ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ സൗഭാഗ്യം ലഭിച്ചു. ഇവർക്കെല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കൊച്ചുകുട്ടികൾക്ക് ചോക്ലേറ്റും ഹുദൂർ വാത്സല്യപൂർവം നല്കി. ഈ കൂടിക്കാഴ്ച 01.30 വരെ നീണ്ടു നിന്നു. ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

**മസ്ജിദ് മുബാറക്കിന്റെ ഉൽഘാടന പരിപാടി.**

വീസ്ബാഡൻ(Wiesbaden)പട്ടണത്തിലാണ് മസ്ജിദ് മുബാറക്കിന്റെ ഉൽഘാടന പരിപാടി നടക്കുന്നത്. 04.40-ന് ഹുദൂർ താമസസ്ഥലത്തു നിന്നു പുറത്തേക്കു വന്നരികയും ഫ്രാങ്ക്ഫർട്ടില് നിന്നു 46 കിലോമീറ്റർ ദൂരത്തുള്ള വീസ്ബാഡൻ പട്ടണത്തിലേക്ക് പുറപ്പെടുകയും ചെയ്തു. ഏകദേശം 55 മിനിറ്റ് യാത്രക്കുശേഷം ഹുദൂർ മസ്ജിദ് മുബാറക്കിലലെത്തിച്ചേർന്നു.

പ്രാദേശിക ജമാഅത്തിലെ ആബാലവൃദ്ധം അഹ്മദികളും ഹുദൂറിന്റെ അനുഗ്യഹീത സന്ദർശനത്തോടനുബന്ധിച്ച് പല ദിവസങ്ങളായി ഹുദൂറിനെ സ്വീകരിക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു. ഇന്നത്തെ ദിവസം പെരുന്നാളിനെക്കാൾ ഒട്ടും കുറഞ്ഞതായിരുന്നില്ല. പ്രിയപ്പെട്ട ഹുദൂറിന്റെ അനുഗ്യഹീത കാൽപാദങ്ങൾ ഈ മണ്ണിൽ ആദ്യമായാണ് പതിക്കയുന്നത്. എല്ലാ ഓരോ വ്യക്തിയും അതിരറ്റ സന്തോഷത്തിലായിരുന്നു. പ്രിയപ്പെട്ട നേതാവിന്റെ പ്രതീക്ഷയിലായിരുന്നു. വാഹനത്തിൽനിന്നു പുറത്തേക്കു ഇറങ്ങിയതും ആവേശോജ്ജ്വലമായ വികാരാവേശത്തോടെ ഹുദൂറിനെ അവർ വരവേറ്റു. പരുഷന്മാർ തക്ബീർ ധ്വനികളും മുദ്രാവാക്യങ്ങളും അത്യുച്ചത്തിൽ വിളിക്കുമ്പോൾ സ്ത്രീകൾ പ്രിയപ്പെട്ട നേതാവിനെ കണ്ട് സായൂജ്യമടഞ്ഞു. ലോക്കൽ അമീർ മിയാൻ ഉമർ അസീസ് സാഹിബ് സ്വാഗതമോതുകയും ഹുദൂറിൽനിന്ന് ഹസ്തദാനം സ്വീകരിക്കുകയും ചെയ്തു. മേയറിന്റെ പ്രതിനിധി എന്ന നിലയിൽവന്ന കൗൺസിലർ ക്രിസ്റ്റഫ് മൻജൂറ(Christoph Manjura)സാഹിബ് സ്വാഗതം ചെയ്തു കൊണ്ട് ഹുദൂറിൽനിന്നു ഹസ്തദാനം സ്വീകരിച്ചു. അസീസം ദാനിയാൽ ബിലാൽ ഹുദൂറിന്റെ സന്നിധിയിൽ ബൊക്കനല്കി. അസീസം അനീഖ അഹ്മദ് ഹദ്റത്ത് ബീഗം സാഹിബ മദ്ദ ളില്ലഹാ തആലായുടെ സന്നിധിയിലും ബൊക്ക സമർപ്പിച്ചു.

അതിനുശേഷം മസ്ജിദിന്റെ പുറത്ത് ഭിത്തിയിൽ സ്ഥാപിച്ചിരുന്ന ഫലകം ഹുദൂർ അനാച്ഛാനം ചെയ്തു. ഇതോടെ മസ്ജിദിന്റെ ഉൽഘാടനം കഴിഞ്ഞു. ഈ സെന്റർ ബിൽഡിംഗ് ഹുദൂർ നോക്കിക്കണ്ടു.

മസ്ജിദിന്റെ ഈ പ്ലോട്ട് 2013-ലാണ് വാങ്ങിയത്. 2970 ചതുരശ്ര മീറ്റർ ചുറ്റളവുള്ള ഈ പ്ലോട്ടിൽ മസ്ജിദ് നിൽക്കുന്നത് 1300 ചതുരശ്രഅടി സ്ഥലത്താണ്. 2014 ജൂൺ 4-ന് ഹുദൂർ അയ്യദഹുല്ലാഹ് ഈ മസ്ജിദിന് തറക്കല്ലിട്ടു. 8 മീറ്റർ വിസ്താരമുള്ള ഗുംബദും 12 മീറ്റർ ഉയരമുള്ള മിനാരവും ഇതിന്നുണ്ട്. 2.2 മില്യൺ യൂറോ നിർമാണ ചെലവുവന്ന ഇതിൽ 700 നമസ്കാരക്കാർക്ക് പ്രാർഥന നിർവഹിക്കാൻ കഴിയും.

നമസ്കാരത്തിന് 2 ഹാളും ഒരു മൾട്ടി പർപസ് ഹാളും 5 ഓഫീസുകളും ലൈബ്രറിയും കിച്ചൺ, സ്റ്റോർ, മുറബ്ബി ഹൗസ് എന്നിവയും ഇതിലുണ്ട്. ഒരു വലിയ ടെറസും ഇതിനുണ്ട്. മസ്ജിദ്, മിഷൻ ഹൗസ്, ഓഫീസുകൾ തുടങ്ങിയവ നോക്കിക്കണ്ടതിന്നുശേഷം മുബല്ലിഗ് സിൽസില ഫർഹാദ് അഹ്മദ് സാഹിബിന്റെ വീട്ടിൽ കുറച്ചു സമയം ഹുദൂർ ചെലവഴിച്ചു. തുടർന്ന് ലജ്നാ ഹാളിലെത്തിയ ഹുദൂറിനെ സ്ത്രീകൾക്കും ദർശിക്കാൻ സാധിച്ചു. ലജ്ന അംഗങ്ങളും പെൺകുട്ടികളും സംഘം ചേർന്ന് പ്രാർഥനാ ഗാനവും സ്വാഗത ഗീതവും ആലപിച്ചു. ഏകദേശം 25 മിനിറ്റ് ഹുദൂർ ഇവിടെ തങ്ങി. ആഴ്ചകളോളമായി സ്ത്രീകളും പെൺകുട്ടികളും തയ്യാറാക്കിയ ഗീതാലാപനങ്ങൾ നടന്നു. 300 ഓളം വരുന്ന കൊച്ചു പെൺകുട്ടികൾക്ക് ഹുദൂർ ചോക്ലേറ്റ് നല്കി. തുടർന്ന് മസ്ജിദ് വളപ്പിൽ ഹുദൂർ അയ്യദഹുല്ലാഹ് ബാദാമിന്റെ ഒരു ചെടി നട്ടു.

മേയറുടെ പ്രതിനിധി ക്രിസ്റ്റഫ് മൻജൂറ(Christoph Manjura)യും തുടർന്ന് ഒരു ചെടി നട്ടു. വരിവരിയായി നിലയുറപ്പിച്ച ആൺ കുട്ടികൾക്കും ഹുദൂർ ചോക്ലേറ്റ് നല്കി.

മസ്ജിദ് ഉൽഘാടനത്തോടനുബന്ധിച്ച് ഒരു പ്രത്യേക പരിപാടി വീസ്ബാഡൻ(Wiesbaden)നിലെ പ്രസിദ്ധ കുർ ഹൗസ് (Kurhaus)ഹാളിൽ സംഘടിപ്പിക്കപ്പെട്ടു. 1810-ൽ നിർമിതമായ ഈ കെട്ടിടം 1905-ൽ ചില മാറ്റങ്ങൾ വരുത്തി പുതുക്കിപ്പണിതതാണ്. 1987-ൽ പുതിയ ചില ഭാഗങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു. ലോകത്തെ പ്രമുഖ നേതാക്കൾ ഈ ഹാളിൽ നടക്കുന്ന പരിപാടികളിൽ പങ്കെടുക്കാറുണ്ട്. ഇന്നു നടന്ന പരിപാടിയിൽ 370 അതിഥികളാണ് പങ്കെടുത്തത്. അവരിൽ പ്രമുഖർ ഇവരാണ്:

- ജേർട്ട് ഉവെ-മെൻഡെ(Gert UweMende)(ലോഡ് മേയർവീസ്ബാഡൻ)
- ഫ്രാങ്ക്-ടിലൊ ബെച്ചെർ(FrankTilo Becher)(സംസ്ഥാന അസംബ്ലി അംഗം)
- ഡോക്ടർ. ജോർജ് മാന്റെൻ(Dr.Georg Manten)(മിനിസ്ട്രി ഓഫ് എജ്യൂക്കേഷൻ ആന്റ് ആർട്സ്.
- ഫെർഡിനാന്ദ് ജോർജൻ(Ferdinand Georgan)(മുൻജഡ്ജി)
- ക്രിസ്റ്റഫ് മൻജൂറ(Christoph Manjura)(എമിഗ്രേഷൻ, എജ്യൂക്കേഷൻ ആന്റ് ലിവിംഗ് വിഭാഗം തലവൻ)
- ജീനയ്ൻ റെഡോൾഫ്(Jeanine Rudolph)(വീസ്ബാഡൻ എമിഗ്രേഷൻ ഓഫീസ് തലവൻ)
- ഹെർ. ഫിൽ ആസ്പിനൽ കവൻട്രി (Herr.Phil Aspinal Coventry)ആംഗ്ളിക്കൻ പ്രീസ്റ്റ്(Anglican Priest). ഹെർ. പ്രഫ. ഡോക്ടർ മാർക്കുസ് ഫെർറാരി(Herr. Prof.Dr Markus Ferrari)ഡയറക്ടർ ഇന്റേണൽ മെഡിസിൻ എച്ച് എസ് കെ.(HSK-)
- ഹെർ. ഡിമിട്രി മുന്റ്റാനിയോൺ(Herr.Dimitri Muntanion)(ഫെഡറൽ ക്രിമിനൽ പോലീസ് ഓഫീസ്).
- വാൾഡെമാർ റീഗ്നെർ(Waldemar Regner)(പോലീസ് അക്കാഡമി ഹെസ്സൻ.(Hessen)
- മൈക്കിൾ ഡേവിഡ്(Michael David)(ഡിസ്ട്രിക്ട് ചീഫ് പോലീസ് ആഫീസർ)
- വനീസ ക്രീഗർ(Vaneesa Krieger)(മെമ്പർ ഓഫ് ഹോം മിനിസ്ട്രി).

ഇതിനു പുറമെ പ്രൊഫസർമാർ, ഡോക്ടർമാർ, എഞ്ചിനിയർമാർ, അധ്യാപകർ, വക്കീലുമാർ, വിവിധ സർക്കാർ ഓഫീസ് ഉദ്യോഗസ്ഥർ, പോലീസ് ഓഫീസർമാർ, ജീവിതത്തിലെ വിവധ തുറകളിൽ പ്രവർത്തിക്കുന്നവരും പങ്കെടുത്തു. 06.30-ന് മസ്ജിദ് മുബാറക്കിൽനിന്ന് ഹുദൂർ പരിപാടിയിൽ പങ്കെടുക്കാനായി പോയി. പോലീസ് വിവിധ റോഡുകൾ ബ്ലോക്ക് ചെയ്ത് വഴികൾ ക്ലിയറാക്കി. കൂടാതെ ഹുദൂറിന്റെ വാഹനത്തിന് എസ്കോർട്ടും നല്കി. 06.50-ന് കുർഹൗസിൽ എത്തിയ ഹുദൂറിനെ ഹാളിനു പുറത്ത് വാതിൽക്കൽ ലോർഡ് മേയര് ജേർട്ട് ഉവെ-മെൻഡെ(Gert Uwe Mende) സ്വീകരിച്ച് ഹാളിലേക്ക് ആനയിച്ചു. എല്ലാ അതിഥികളും ഹാളിൽ ഉപവിഷ്ഠരായിരുന്നു.

ദാനിയേൽദാവൂദ് സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ പരിപാടി ആരംഭിച്ചു. ജർമൻ തർജമ നൗശീറാൻ ഖാൻ സാഹിബ് സമർപ്പിച്ചു. ജർമൻ അമീർ അബ്ദുല്ലാഹ് വാഗസ് ഹൗസർ സാഹിബ് ആമുഖ പ്രഭാഷണം നടത്തി. അതിഥികളെ സ്വാഗതം ചെയ്ത അമീർ സാഹിബ് വീസ്ബാഡൻ പട്ടണത്തെ കുറിച്ചും ജമാഅത്തിനെ കുറിച്ചും പരിചയപ്പെടുത്തി.

വീസ്ബാഡൻ(Wiesbaden)പട്ടണം ഹെസ്സെൻ സംസ്ഥാനത്തിന്റെ തലസ്ഥാനമാണ്. ഇതിന്റെ ചരിത്രം വളരെ പുരാതനമാണെന്ന് മനസ്സിലാകുന്നു. ക്രിസ്ത്വാബ്ദം 830-ൽ വീസ്ബാഡൻ എന്ന നാമം പ്രസിദ്ധമായി. ഈ പട്ടണത്തിന്റെ ജനസംഖ്യ 2 ലക്ഷത്തി എൺപതിനായിരമാണ്. സവിശേഷമായ നിലയിൽ അരുവികൾ കൊണ്ട് പ്രസിദ്ധമാണ് ഈ പട്ടണം. വിവിധ തുറയിലുള്ള യൂണിവേഴ്സിറ്റികൾ ഈ പട്ടണത്തിൽ സ്ഥിതിചെയ്യുന്നു. ഇതു കാരണത്താൽ ഇവിടെ വിദ്യാർഥികൾ കൂടുതലായി താമസിക്കുന്നു.

ഇവിടെ അഹ്മദികൾ 1100നോടടുത്തുണ്ട്. 1992-ൽ അഹ്മദിയ്യാ ജമാഅത്ത് ഇവിടെ സ്ഥാപിതമായി. വീസ്ബാഡനിൽ ഇതുവരെയായി 13 ചാരിറ്റി വാക്ക്സ് ജമാഅത്ത്, സംഘടിപ്പിച്ചു. ഇതിൽ ധാരാളം നഗരവാസികൾ പങ്കെടുക്കുന്നു. പുതുവർഷാരംഭത്തിൽ ഇവിടെ ശ്രമദാനവും ജമാഅത്ത് നടത്തുന്നു. ഇതര സ്വഷ്ടി സേവന പരിപാടികളിലും ജമാഅത്ത് പങ്കെടുക്കുന്നു.

ഒടുവിൽ അമീർ സാഹിബ് പരിപാടിയിൽ പങ്കെടുക്കുന്ന എല്ലാ അതിഥികൾക്കും നന്ദി പറഞ്ഞു.

- അതിനുശേഷം ക്രിസ്റ്റഫ് മൻജൂറ(Christoph Manjura) പ്രസംഗിച്ചു. ഇദ്ദേഹം സിറ്റി കൗൺസിൽ അംഗമാണ്. ഇദ്ദേഹത്തിന്റെ ചുമതലയിൽ ഇന്റിഗ്രേഷന്റെ(integration)എല്ലാ കാര്യങ്ങളുംപെടുന്നു. പ്രാഥമികമായി ഹുദൂറിനേയും അതിഥികളേയും സ്വാഗതം ചെയ്ത അദ്ദേഹം എല്ലാവർക്കും സലാം പറഞ്ഞു. ജീവിതത്തിലെ വിവിധ തുറകളുമായി ബന്ധമുള്ള ഇത്രയധികം സ്ത്രീ പുരുഷന്മാർ പങ്കെടുത്തതിൽ സന്തോഷം പ്രകടിപ്പിച്ച അദ്ദേഹം പോലീസ് വിഭാഗത്തേയും രാഷ്ട്രീയക്കാരേയും വീസ്ബാഡനിലെ വിവിധ വിഭാഗവുമായി ബന്ധമുള്ളവരേയും സവിശേഷമായി സൂചിപ്പിച്ചു.

മുമ്പേ പ്രാർഥനക്ക് ഉപയോഗിച്ചിരുന്ന നമസ്കാര സെന്ററിനെ കുറിച്ചും അദ്ദേഹം സൂചിപ്പിച്ചു. മുമ്പേ ഒരു ചെറിയ മുറിയാണ് പ്രാർഥനക്കും ഇതര പ്രോഗ്രാമിന്നുമായി ഉപയോഗിച്ചിരുന്നതെന്നും എന്നാലിന്ന് വളരെ നല്ല കെട്ടിടം ലഭിച്ചിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഇക്കാര്യങ്ങളിലെല്ലാം അദ്ദേഹം ആശംസകളും നേർന്നു. അദ്ദേഹം തുടർന്നു പറഞ്ഞു:എനിക്ക് ഇന്നത്തെ ദിവസം മറക്കുക സാധ്യമല്ല. എന്നും ഞാൻ ഈ ദിവസം ഓർത്തിരിക്കും. കാരണം, മസ്ജിദ് ഉൽഘാടന അവസരത്തിൽ ജീവിതത്തിൽ ആദ്യമായി എനിക്ക് ചെടി നടാനും അവസരം ലഭിച്ചു.

തറക്കല്ലിടൽനേരവും എനിക്ക് ഈ അവസരത്തിൽ ഓർമവന്നു. മഴ തിമിർത്തു പെയ്യുകയായിരുന്നു. എങ്കിലും ഖലീഫത്തുൽ മസീഹ് വന്ന് വാഹനത്തിൽ നിന്നിറങ്ങിയതും മഴ നിന്നു. വെയിൽ ഉദിച്ചു.

അഹ്മദിയ്യാ ജമാഅത്ത് സവിശേഷമായ നിലയിൽ എന്നും പട്ടണത്തെ സഹായിക്കുന്നു. ചാരിറ്റി വാക്ക്സ് (Charitty Walks) നടത്തുന്നു. പുതു വർഷാരംഭത്തിൽ ശ്രമദാനം നടത്തുന്നു. പട്ടണത്തിന്റെ സൗന്ദര്യം വർധിപ്പിക്കുന്നതിൽ മുന്നിട്ടു നില്ക്കുന്നു. നിങ്ങൾ പട്ടണ മധ്യത്തിൽ മസ്ജിദുനിർമിക്കുന്നതു കൊണ്ട് ഇത് അനിവാര്യമായിരുന്നു. പട്ടണത്തിന്റെ ഏതെങ്കിലും മൂലയിൽ ആയിരുന്നെങ്കിൽ ആർക്കും മസ്ജിദ് അറിയുമായിരുന്നില്ല. പട്ടണത്തിന്റെ ഒത്ത മധ്യത്തിൽത്തന്നെ മസ്ജിദ് നിർമിക്കപ്പെട്ടു.

മസ്ജിദ് നിർമാണം പൂർത്തിയായതിൽ ജമാഅത്തിന് മംഗളം ആശംസിച്ച അദ്ദേഹം എന്നും ഇത് മുഖേന സന്തോഷം വന്ന് കൊണ്ടിരിക്കട്ടെ എന്നു പറഞ്ഞു കൊണ്ട് തന്റെ പ്രസംഗം അവസാനിപ്പിച്ചു.

എസ്.പീ.ഡി പാർട്ടി അംഗവും വീസ്ബാഡൻ(Wiesbaden) പാർലമെന്റ് അംഗവുമായ ഫ്രാങ്ക്-ടിലൊ ബെച്ചെർ(Frank Tilo Becher)വേദിയെ അഭിമുഖീകരിച്ചു. ഹുദൂറിന് ആദ്യമായി സ്വാഗതമോതിയ അദ്ദേഹം തുടർന്ന് പറഞ്ഞു: എനിക്കു ലഭിച്ച വളരെ വലിയ ആദരവാണ് ഹുദൂറിനോടൊപ്പം ഒരേ ടേബിളിൽ ഇരിക്കാൻ അവസരം ലഭിച്ചു എന്നുള്ളത്. ഞാൻ ഒരു ക്രിസ്തു മത വിശ്വാസിയാണ്. അല്ലാഹു ഈ ഭവനത്തെ അതായത് ഈ പുതിയ മസ്ജിദിന്റെ സംരക്ഷകനായിരിക്കട്ടെ എന്നും ഇതിനെ മംഗളകരമാക്കട്ടെ എന്നുമാണ് എന്റെ പ്രാർഥന. ആമീൻ

ഒരു ജമാഅത്തിന് അനിവാര്യമായും ഒരുമിച്ചുകൂടാൻ ഒരു സ്ഥലം അനിവാര്യമാണ്. ഇപ്രകാരം അതിന് സജീവമായിരിക്കാനും യഥാർഥ രൂപത്തിൽ സ്ഥിരത കൈവരിക്കാനും സാധിക്കുന്നു. ഇന്നത്തെ ദിവസം സവിശേഷമായും ജമാഅത്തംഗങ്ങൾക്ക് സന്തോഷ സുദിനമാണ്. കാരണം, ഇനിമുതൽ നിങ്ങൾക്ക് തുറന്ന നിലയിൽ എല്ലാ പ്രവർത്തനങ്ങളും നിർവഹിക്കാൻ സാധിക്കും.

ഇത്രയും നല്ല നിലയിൽ ആതിഥ്യ മര്യാദ നിർവഹിക്കുന്ന ഒരു ജമാഅത്തിനെ ലഭിച്ചിരിക്കുമ്പോൾ വീസ്ബാഡൻ (Wies-bade-n-)നിൽ താമസമുള്ളവ്യക്തികളുടെ കടമയാണ് ഇനി മുതൽ ഇതിൽ നിന്നു ഫലമെടുക്കുക എന്നത്. മതപരമായ ചർച്ചകൾ പരസ്പരം നടത്താൻ കഴിയുന്ന യുക്തമായ ഒരു സ്ഥലത്താണ് മസ്ജിദ് ഇപ്പോൾ സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട് ഇനി മുതൽ നിങ്ങൾ ഈ മസ്ജിദിൽ പോകുകയും ഇവിടവുമായി ബന്ധം സ്ഥാപിക്കുകയും ചെയ്യുക.

അടുത്തതായി ലോർഡ് മേയർ ജേർട്ട് ഉവെ-മെൻഡെ (Gert Uwe-Mende) സാഹിബ് വേദിയെ അഭിമുഖീകരിച്ചു. ആദ്യമയി ഹുദൂറിനെ സ്വാഗതം ചെയത അദ്ദേഹം മസ്ജിദിന് ഭാവുകങ്ങൾ നേരുകയും അനുഗ്വഹീതമായി തീരാൻ

ശേഷം പേജ് 12 ൽ

പേജ് 5 ൽ നിന്ന്

യപ്പോൾ ഹദ്റത്ത് അബൂത്വൽഹؓ പറഞ്ഞു: ഹദ്റത്ത് ഉമറിന്റെ ശഹാദത്തുകൊണ്ട് നഷ്ടമുണ്ടാകാത്ത ഒരു നഗരവാസിയുടേയും ബദ്‌വിയുടേയും വീട് അറേബ്യയിലില്ല. *(അത്ത്വബഖാത്തുൽകുബ്റാ, വാല്യം 3, പേജ് 285, ദിക്റു ഇസ്തിഖ്‌ലാഫ് ഉമർ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1990)* അതായത് ഓരോരുത്തരേയും എത്രമാത്രം സഹായിച്ചിരുന്നുവെന്നാൽ തീർച്ചയായും അവർക്കെല്ലാം നഷ്ടമുണ്ടായിട്ടുണ്ടാകും. അവരെ അത് ബാധിച്ചിട്ടുണ്ടാകും.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലാം ഹദ്റത്ത് ഉമറിന്റെ ജനാസയ്ക്കുശേഷം ഹദ്റത്ത് ഉമറിന്റെ കട്ടിലിന്റെ അടുത്തുനിന്ന് പറഞ്ഞു: ഉമറേ! അങ്ങ് എത്ര നല്ല ദീനീ സഹോദരനായിരുന്നു. സത്യത്തിനുവേണ്ടി ഉദാരമനസ്കനും അസത്യത്തിനു അങ്ങ് അറുപിശുക്കനുമായിരുന്നു. സന്തോഷം പ്രകടിപ്പിക്കുന്ന നേരത്ത് അങ്ങ് തൃപ്തനാകും. ദേഷ്യപ്പെടേണ്ട നേരത്ത് അങ്ങ് ദേഷ്യപ്പെടും. പരിശുദ്ധ ദൃഷ്ടിയുള്ളയാളും ബുദ്ധിസാമർഥ്യമുള്ളയാളുമായിരുന്നു. അനാവശ്യമായി സ്തുതിക്കുന്നയാളായിരുന്നില്ല. പരദൂഷണം പറയുന്നയാളുമായിരുന്നില്ല. *(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 282, ദിക്ർ ഹിജറത്തു ഉമർബിൻ അൽഖത്ത്വാബ് പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)*

ഒരു നിവേദനത്തിലുണ്ട് ഹദ്റത്ത് ഉമർؓ മരിച്ചതറിഞ്ഞ് ഹദ്റത്ത് സയീദ് ബിൻ സയ്ദ് കരഞ്ഞപ്പോൾ ആരോ പറഞ്ഞു: 'അബുൽഅഅ്‌വറേ!അങ്ങെന്തിനാണ് കരയുന്നത്? അദ്ദേഹം പറഞ്ഞു:ഞാൻ ഇസ്‌ലാമിനെകുറിച്ചാണ് കരയുന്നത്. തീർച്ചയായും ഹദ്റത്ത് ഉമറിന്റെ വഫാത്തുകൊണ്ട് ഖിയാമത്തുന്നാൾവരെ നികത്തിയാൽതീരാത്ത വിടവാണ് ഇസ്‌ലാമിനുണ്ടായിരിക്കുന്നത്.*(ത്വബഖാത്തുൽ കുബ്റാ വാല്യം 3, പേജ് 284, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1990)*

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർؓ വിവരിക്കുന്നു: നബിﷺതിരുമേനിയുടെ ജീവിതകാലത്ത് ഞങ്ങൾ പറയാറുണ്ടായിരുന്നു, നബിﷺതിരുമേനിയുടെ ഉമ്മത്തിൽ അദ്ദേഹത്തിനുശേഷം ഏറ്റവും ശ്രേഷ്ഠൻ ഹദ്റത്ത് അബൂബക്റാണ്. അതുകഴിഞ്ഞാൽ ഹദ്റത്ത് ഉമർ. പിന്നീട് ഹദ്റത്ത് ഉഥ്മാൻ റളിയല്ലാഹു അൻഹും. *(സുനൻ അബീദാവൂദ്, കിതാബുസ്സുന്ന, ബാബു ഫിത്തഫ്ളീൽ, ഹദീഥ് 4628)*

ഹദ്റത്ത് ഹുദയ്ഫؓ പറഞ്ഞു: 'ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ ഉദാഹരണം നിരന്തരം അഭിവൃദ്ധിയുടെ വഴിയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഒരാളെപ്പോലെയായിരുന്നു. അവിടന്ന് ശഹീദായപ്പോൾ, അക്കാലം പിന്തിരിഞ്ഞുപോയി. നിരന്തരം പിന്നിലായിക്കൊണ്ടിരുന്നു.' (അത്ത്വബഖാത്തുൽ കുബ്റാ വാല്യം 3, പേജ് 285, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 1990)

ഹദ്റത്ത് ഉമറിന്റെ ഭാര്യാമക്കളെ കുറിച്ചു വിവരണമുണ്ടായിട്ടുണ്ട്. അദ്ദേഹത്തിന് വിവിധ സമയങ്ങളിൽ 10 ഭാര്യമാരുണ്ടായിരുന്നു. ഇവരിൽ 9 ആൺമക്കളും നാലു പെൺമക്കളുമുണ്ടായിരുന്നു. അവരിൽ ഒരാൾ ഹദ്റത്ത് ഹഫ്സ്വയായിരുന്നു. അവർക്ക് നബിﷺതിരുമേനിയുടെ ഭാര്യാപദം അലങ്കരിക്കാൻ സൗഭാഗ്യമുണ്ടായി. ഹദ്റത്ത് സയ്നബ് ബിൻത് മള്ഊൻ ആദ്യത്തെ ഭാര്യയായിരുന്നു. ഇവർ ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊന്റെ ؓസഹോദരിയായിരുന്നു. അദ്ദേഹത്തിന് ഇവരിലുണ്ടായ മക്കളാണ് അബ്ദുല്ലാഹ്, അബ്ദുർറഹ്മാൻ അക്ബർ, ഹദ്റത്ത് ഹഫ്സ്വ. ഹദ്റത്ത് ഉമ്മുകുൽഥൂം ബിൻത് അലിയ്യ് ബിൻ അബൂത്വാലിബ്: ഇവരിൽ അദ്ദേഹത്തിനുണ്ടായ മക്കളാണ് സയ്ദ് അക്ബറും റുഖയ്യായും. മുലയ്ക്ക ബിൻത് ജസ്‌വൽ: ഇവരെ ഉമ്മുകുൽഥൂം എന്നും പറയുന്നു. ഇവരിൽനിന്നുണ്ടായ മക്കളാണ്, സയ്ദ് അസ്ഗറും ഉബയ്ദുല്ലായും. ഖുറയ്ബ ബിൻത് അബൂ ഉമയ്യ മഖ്സൂമീ:മുലയ്ക്കയും ഖുറയ്ബയും വിശ്വസിച്ചിരുന്നില്ല. അതുകൊണ്ട് ഹദ്റത്ത് ഉമർؓഹിജ്റ 6-ൽ അവരെ ത്വലാഖ് ചൊല്ലി. ഹദ്റത്ത് ജമീല ബിൻത് ഥാബിത്: ഇവരുടെ പേര് ആസിയ എന്നായിരുന്നു. നബിﷺതിരുമേനി പേരുമാറ്റി ജമീല എന്നു വെച്ചു. ഇവർ ബദ്‌രി സ്വഹാബി ആസിം ബിൻ ഥാബിത്തിന്റെ സഹോദരിയായിരുന്നു. ഇവരിൽനിന്നുണ്ടായ മകനാണ് ആസിം. ലുഹയ്യായിൽ നിന്നുള്ള അദ്ദേഹത്തിന്റെ മകനാണ് അബ്ദുർറഹ്മാൻ ഔസത്.

അദ്ദേഹത്തിന്റെ മറ്റൊരു ഭാര്യയെ കുറിച്ച് ഉമ്മു വലദെന്നാണ് പറയപ്പെടുന്നത്. അതായത് വിവാഹം കഴിക്കപ്പെടുന്ന അടിമസ്ത്രീ. അവർക്ക് മക്കളുണ്ടെങ്കിൽ അവർ സ്വതന്ത്രരാകും. മറ്റൊരു ഉമ്മുവലദുണ്ടായിരുന്നു. അവരുടെ വയറ്റിൽനിന്നാണ് അബ്ദുർറഹ്മാൻ അസ്ഗർ ജന്മം കൊണ്ടത്. ഹദ്റത്ത് ഉമ്മു ഹക്കീം ബിൻത് ഹാരിഥിൽനിന്നുണ്ടായ മകളാണ് ഫാത്വിമ. ഫുകയ്ഹായിൽനിന്നുണ്ടായ മകളാണ് സയ്നബ്. ആത്തിക്ക ബിൻത് സയ്ദിൽ നിന്നുണ്ടായ മകനാണ് അയാള്. *(ഖുലഫാഉർറാശിദൂൻ മുഹമ്മദു രിളാ, പേജ് 100, പ്രസാധകർ ദാറുൽകുതുബു അൽഅറബീ ബെയ്റുത്ത് 2004)(അൽഫാറൂഖ്, ശിബ്‌ലി നുഅ്മാനീ, പേജ് 404, ദാറുൽഇശാഅത്ത്, കറാച്ചി 1991)(ഉസുദുൽഗാബ, വാല്യം 7, പേജ് 57, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് ലബ്നാൻ 2003)*

പ്രസിദ്ധ ഓറിയന്റലിസ്റ്റ് എഡ്വേർഡ് ഗബ്ബൻ എഴുതുന്നു:ഹദ്റത്ത് ഉമറിനെ കുറിച്ച് വിവരിച്ചുകൊണ്ടു പറയുന്നു, ഉമറിന്റെ ഭയഭക്തിയും എളിമയും അബൂബക്റിനെക്കാൾ കുറവായിരുന്നില്ല. അദ്ദേഹത്തിന്റെ ഭക്ഷണത്തിൽ യവത്തിന്റെ റൊട്ടിയും ഈത്തപ്പഴങ്ങളുമുണ്ടായിരുന്നു. പച്ചവെള്ളമായിരുന്നു അദ്ദേഹം കുടിച്ചിരുന്നത്. അദ്ദേഹം ജനങ്ങളെ പ്രബോധനം ചെയ്തു. ആ അവസ്ഥയിൽ പന്ത്രണ്ട് കണ്ടംവെച്ചു തുന്നിയ ജൂബ്ബയായിരുന്നു അദ്ദേഹം ഇട്ടിരുന്നത്. ഈ വിജയിയ്ക്ക് ആദരാഞ്ജലി അർപിച്ച ഇറാനീ ഗവർണർ മസ്ജിദ് നബ്‌വിയുടെ കോണിയിൽ ഫഖീർമാരോടൊപ്പം അദ്ദേഹം ഉറങ്ങുന്നതുകണ്ടു. സ്വതന്ത്രചിന്താഗതിയുടെ ഉറവിടമാണ് ഉപജീവനമാർഗം. 'സമ്പത്ത് വന്നതോടെ ഉമർ എല്ലാ സേവകർക്കും അവരുടെ മുമ്പേയുള്ളതും ഇനി ചെയ്യാനിരിക്കുന്നതുമായ സേവനങ്ങൾക്കും നീതിപരമായി അലവൻസു കൊടുക്കാൻ സുസ്ഥിരമായ വ്യവസ്ഥിതി സ്ഥാപിച്ചു. സ്വന്തമായി അദ്ദേഹം അലവൻസ് പറ്റിയിരുന്നില്ല. അദ്ദേഹം ആദ്യംതന്നെ നബിﷺതിരുമേനിയുടെ പിതൃസഹോദരനായ അബ്ബാസിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ ദിർഹം അല്ലെങ്കിൽ വെള്ളിതുട്ടുകൾ അലവൻസ് നിശ്ചയിച്ചു. ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത എല്ലാ സ്വഹാബാക്കൾക്കും 5000 ദിർഹമിന്റെ അലവൻസ് അനുവദിക്കുകയുണ്ടായി. മുഹമ്മദുﷺന്റെ മറ്റു സ്വഹാബാക്കൾക്ക് വാർഷിക സമ്മാനം എന്ന നിലയിൽ 3000 വെള്ളിത്തുട്ടുകൾ നല്കി. (The decline and fall of the Roman empir, by Edward Gibbon, vol. 3, chapter LI, page 178. London)

മൈക്കിൾ ഹാർട്ട് തന്റെ ഗ്രന്ഥമായ "The Hundred'ൽ ചരിത്രത്തിലെ 100 പ്രഗത്ഭ വ്യക്തികളെ കുറിച്ച് പറഞ്ഞിട്ടുണ്ട്. ആദ്യത്തെ ആളായി അദ്ദേഹം തിരഞ്ഞെടുത്തത് ഹദ്റത്ത് മുഹമ്മദു മുസ്തഫായെﷺയാണ്. ഈ ഗ്രന്ഥത്തിൽ 52-ാം നമ്പറുകാരനായി ഹദ്റത്ത് ഉമർؓനെ ചേർത്തിരിക്കുന്നു. അതിനുശേഷം എഴുതി:ഉമർ ബിൻ ഖത്ത്വാബാണ് മുസ്‌ലിമീങ്ങളുടെ രണ്ടാമത്തെ ഖലീഫയും മുസ്‌ലിമീങ്ങളുടെ ഏറ്റവും വലിയ ഖലീഫയുമായി വിളിക്കാവുന്ന വ്യക്തിയും. അദ്ദേഹം മുഹമ്മദ്ﷺന്റെ സമപ്രായക്കാരനും സമകാലികനും അദ്ദേഹത്തെപോലെതന്നെ മക്കയിൽ ജനിച്ചുവളർന്ന ആളുമായിരുന്നു. അദ്ദേഹത്തിന്റെ ജനനവർഷം വ്യക്തമല്ല. പക്ഷേ, ഏകദേശം ക്രിസ്ത്വാബ്ദം 586 ന് അടുത്താണെന്ന് പറയപ്പെടുന്നു. ആദ്യകാലത്ത് ഉമർ മുഹമ്മദ്ﷺന്റേയും ഇസ്‌ലാമിന്റേയും ബദ്ധവൈരിയായിരുന്നു. പക്ഷേ, ഉമർ പെട്ടെന്ന് ഇസ്‌ലാം സ്വീകരിക്കുകയും അതിന്റെ ഏറ്റവും വലിയ സഹായികളിൽ ഒരാളാകുകയും ചെയ്തു. സെന്റ് പോളിന്റെ ക്രിസ്തുമതം സ്വീകരിച്ച സാദൃശ്യം അത്ഭുതകരമാണ്. ഉമറും മുഹമ്മദ്ﷺന്റെ ഏറ്റവും അടുത്ത നിയമോപദേശകരിലായി. ആ മഹാത്മാവിന്റെ(നബിയുടെ) വഫാത്തുവരെ അങ്ങനെതന്നെ തുടരുകയും ചെയ്തു.

632-ൽ നബിﷺതിരുമേനി തന്റെ പ്രതിനിധിയെ നിശ്ചയിക്കാതെ ഇഹലോകവാസം വെടിഞ്ഞു. നബിﷺതിരുമേനിയുടെ ഉറ്റസുഹൃത്തും ഭാര്യാപിതാവുമായിരുന്ന അബൂബക്റിന്റെ ഖിലാഫത്തിനെ ഹദ്റത്ത് ഉമർؓഉടനെ പിന്തുണച്ചു. അതുകൊണ്ട് അധികാരവടംവലി ഒഴിവായി. ഇത് അദ്ദേഹം തന്റെ ശൈലിയിൽ എഴുതുകയാണ്. വാസ്തവത്തിൽ എങ്ങനെയാണ് ആളുകളെല്ലാം സംഘടിച്ച് അബൂബക്റിനെ തിരഞ്ഞെടുത്തതെന്നുള്ള കാര്യങ്ങളൊന്നും അവർ അംഗീകരിക്കുന്നില്ല. എന്തൊക്കെയായാലും ഭൗതിക കാഴ്ചപ്പാടിലൂടെ അവർ പറയുകയാണ്, അദ്ദേഹത്തിന്റെ ഭാര്യാപിതാവിന്റെ കൈയിൽ ബയ്ത്തു ചെയ്തു. അതുകൊണ്ട് അധികാരവടംവലി ഒഴിവാകുകയും അബൂബക്ർ ആദ്യത്തെ ഖലീഫയായി അഥവാ മുഹമ്മദ്ﷺന്റെ പിൻഗാമിയായി പൊതുവിൽ കണക്കാക്കപ്പെടുകയും ചെയ്തു. അബൂബക്ർ ഒരു ഉത്തമ വഴികാട്ടിയായിരുന്നുവെങ്കിലും രണ്ടുവർഷം മാത്രം ഖലീഫയായി സേവനമനുഷ്ഠിച്ചശേഷം ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹം വ്യക്തമായും തന്റെ പിൻഗാമിയായി ഉമറിനെ നാമനിർദേശം ചെയ്തു വെച്ചിരുന്നു. ഉമർ നബിﷺതിരുമേനിയുടെ ഭാര്യാപിതാവായിരുന്നതിനാൽ അധികാര വടംവലി വീണ്ടും ഒഴിവായി. ഗ്രന്ഥകാരൻ ഇതിന് ഇവിടെ ഭൗതികമായ ഒരു അധികാരത്തിന്റെ നിറം ചാർത്താൻ ശ്രമം നടത്തുന്നു. എന്നിരുന്നാലും പ്രശംസ എന്തായാലും നടത്തുന്നുണ്ട്. ഉമർ 634-ൽ ഖലീഫയായി. 644 വരെ ഖിലാഫത്ത്

സ്ഥാനം വഹിച്ചു. പിന്നീട് അദ്ദേഹത്തെ ഒരു പേർഷ്യൻ അടിമ മദീനയിൽ ശഹീദാക്കുകയുണ്ടായി. മരണശയ്യയിൽ അദ്ദേഹം തന്റെ പിൻഗാമിയെ തിരഞ്ഞെടുക്കാൻ ആറു പേരടങ്ങുന്ന ഒരു കമ്മിറ്റിക്ക് രൂപം കൊടുത്തിരുന്നു. അങ്ങനെ ഇത്തവണയും അധികാരത്തിനായുള്ള സായുധ പോരാട്ടം ഒഴിവാക്കപ്പെട്ടു. ആ കമ്മിറ്റി ഉഥ്മാനെ മൂന്നാമത്തെ ഖലീഫയായി തിരഞ്ഞെടുത്തു. അദ്ദേഹം 644 മുതൽ 656 വരെ ഭരിച്ചു.’

വീണ്ടും അദ്ദേഹം എഴുതുന്നു: ‘ഹദ്റത്ത് ഉമറിന്റെ പത്തു വർഷത്തെ ഖിലാഫത്തു കാലത്തുതന്നെയാണ് അറബികൾ സുപ്രധാനങ്ങളായ പല നേട്ടങ്ങളും കൈവരിച്ചത്. അദ്ദേഹത്തിന്റെ ഖിലാഫത്തിന്റെ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽത്തന്നെ അറേബ്യൻ സൈന്യം ശാമിന്റേയും ഫലസ്തീന്റേയുമേൽ ആക്രമണം നടത്തി. അതിപ്പോൾ ബാസന്റൈൻ(Bassendean) സാമ്രാജ്യത്തിന്റെ ഭാഗമാണ്. 636 ലെ യർമൂക് യുദ്ധത്തിൽ അറബികൾ ബാസന്റൈൻ സൈനികർക്കെതിരിൽ അവരുടെ നടുവൊടിച്ചുകൊണ്ട് വിജയം കരസ്ഥമാക്കി. ഈ വർഷംതന്നെയാണ് ഡമാസ്കസ് വിജയവുമുണ്ടായത്. രണ്ടുവർഷത്തിനുശേഷം ജറുസലേം പരാജയമേറ്റുവാങ്ങി. ക്രിസ്ത്വാബ്ദം 641 ആകുമ്പോഴേക്കും അറബികൾ മുഴുവൻ ഫലസ്തീനും ശാമും പിടിച്ചടക്കിയിരുന്നു. അതുകഴിഞ്ഞ് ഇന്നത്തെ തുർക്കിയിലേക്ക് മുന്നേറ്റം നടത്തി. ക്രിസ്ത്വാബ്ദം 639-ൽ അറബ് സൈന്യം ബാസന്റൈൻ(Bassendean) സാമ്രാജ്യത്തിന്റെ തന്നെ അധീനതയിലായിരുന്ന ഈജിപ്തിനുമേൽ വിജയം വരിച്ചു. പാർസികളുടെ സാസാനിയൻ ഭരണകൂടത്തിന്റെ ഭാഗമായിരുന്ന ഇറാഖിൽ അറബികൾ ആക്രമണം ആരംഭിച്ചത് ഹദ്റത്ത് ഉമർ ഖിലാഫത്തിൽ അവരോധിക്കപ്പെടുന്നതിന് മുമ്പേയായിരുന്നു. എന്നാൽ, ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ക്രിസ്ത്വാബ്ദം 637-ലാണ് അറബികളുടെ ഏറ്റവും നിർണായകമായ ഖാദിസിയ്യ യുദ്ധവിജയം ഉണ്ടായത്. 641 ആകുമ്പോഴേക്കും ഇറാഖു മുഴുവൻ അറബികളുടെ അധീനതയിലായിക്കഴിഞ്ഞിരുന്നു. ഇവിടം കൊണ്ടും അവസാനിപ്പിച്ചിരുന്നില്ല. അറബികൾ പേർഷ്യക്കുമേൽ ആക്രമണം നടത്തുകയും 642-ൽ നിഹാവന്ദിലെ യുദ്ധത്തോടെ അവർ അവസാനം സാസാനിയൻ രാജാക്കന്മാരുടെ സൈന്യങ്ങളേയും പരിപൂർണമായും പരാജയപ്പെടുത്തി.

ഹദ്റത്ത് ഉമറിന്റെ വഫാത്തിൽപോലും അറബ് സൈന്യത്തിന്റെ ആവേശത്തിന് ഒരു വിധ കോട്ടവും സംഭവിച്ചില്ല. പൗരസ്ത്യ പ്രദേശങ്ങളിൽ പേർഷ്യക്കുമേൽ വിജയം പരിപൂർണമാക്കുമ്പോൾ പാശ്ചാത്യ ദേശങ്ങളിൽ ഉത്തരാഫ്രിക്കയിലേക്ക് അവർ മുന്നേറ്റം നടത്തിക്കൊണ്ടിരുന്നു.വീണ്ടും എഴുതുന്നു: എത്രത്തോളം ഉമറിന്റെ വിജയങ്ങളുടെ വ്യാപ്തി പ്രാധാന്യമർഹിക്കുന്നുവോ അത്രത്തോളംതന്നെ ആ വിജയങ്ങളുടെ നിലനില്പും സുപ്രധാനമാണ്. ഇറാനിലെ ജനത ഇസ്ലാം സ്വീകരച്ചിരുന്നുവെങ്കിലും ഒടുവിൽ അവർ അറബികളുടെ ഭരണത്തിൽനിന്ന് സ്വതന്ത്രരായി. എന്നാൽ, സിറിയ ഇറാഖ് ഈജിപ്ത് എന്നീ രാജ്യങ്ങൾ അങ്ങനെ ചെയ്തില്ല. അവരെല്ലാം പൂർണമായും അറബ് സംസ്കാരത്തിൽ ലയിക്കുകയായിരുന്നു. ഇന്നും അതേ അവസ്ഥയിലാണ്.

വീണ്ടും എഴുതുന്നു:ഉമറിന് തന്റെ സൈന്യം ജയിച്ചടക്കിയ ആ മഹാസാമ്രാജ്യത്തെ വ്യവസ്ഥാപിതമാക്കാൻ പല നയങ്ങളും ഉണ്ടാക്കേണ്ടിവന്നു. അദ്ദേഹം വിജയം വരിച്ച പ്രദേശങ്ങളിൽ ഒരു പ്രത്യേക സൈനിക സ്ഥാനം ലഭിക്കുന്നതിന് പട്ടാളക്കാരെ പ്രദേശവാസികളിൽനിന്നു മാറ്റി പട്ടാളക്യാമ്പുകളിൽ പാർപിക്കാൻ തീരുമാനിച്ചു. ആ നാട്ടിലെ ജനങ്ങൾക്ക് ഭൂരിഭാഗവും അറബികളായിരുന്ന തങ്ങളുടെ മുസ്ലിം ഭരണകൂടത്തിന് ജിസിയ അടക്കേണ്ടിയിരുന്നുവെന്നതൊഴിച്ചാൽ അവർക്ക് പരിപൂർണ സ്വാതന്ത്ര്യവും സമാധാനവും ലഭിച്ചിരുന്നു. അവർക്കു മറ്റൊരു ബാധ്യതയും ഏല്പിക്കപ്പെട്ടിരുന്നില്ല. പ്രത്യേകിച്ചും അവർക്കുമേൽ ഇസ്ലാംമതം സ്വീകരിക്കാൻ ഒരു സമ്മർദവും ചെലുത്തിയിരുന്നില്ല. മേൽപറഞ്ഞ കാര്യങ്ങളിൽനിന്നു വ്യക്തമാകുന്നത് അറബികളുടെ സൈനിക നീക്കങ്ങൾ വിശുദ്ധയുദ്ധം എന്നതിലുപരി സാമുദായിക ബോധത്തോടുകൂടിയുള്ളതായിരുന്നു. അവരിൽ മതബോധം ഒട്ടുമുണ്ടായിരുന്നില്ല. എന്നല്ല, ഉമറിന്റെ വിജയങ്ങൾ നിശ്ചയമായും വളരെ സ്വാധീനം ചെലുത്തുന്നവയായിരുന്നു. മുഹമ്മദ്ﷺക്കു ശേഷം ഇസ്ലാമിനെ വ്യാപിപ്പിക്കുന്നതിൽ അദ്ദേഹത്തിനാണ് മുഖ്യ പങ്കാളിത്തമുള്ളത്. ഇസ്ലാമിന് ഇന്ന് കാണുന്ന അതിവ്യാപനം അദ്ദേഹത്തിന്റെ ദ്രുതഗതിയിലുള്ള വിജയങ്ങൾ കൂടാതെ സാധ്യമാകുമായിരുന്നില്ല. മാത്രവുമല്ല ഹദ്റത്ത് ഉമറിന്റെ കാലത്ത് ജയിച്ചടക്കിയ പ്രദേശങ്ങൾ ഇന്നും മുസ്ലിം രാജ്യങ്ങൾ തന്നെയാണ്. മുഹമ്മദ്ﷺനിസ്സംശയം ഇസ്ലാമിന്റെ ഏറ്റവും പ്രഭാവമേറിയ ചാലക ശക്തി തന്നെയായിരുന്നു. ഇസ്ലാമിക അഭിവൃദ്ധികളുടെ ക്രെഡിറ്റ് അദ്ദേഹത്തിന് തന്നെയാണെങ്കിലും ഹദ്റത്ത് ഉമറിന്റെ പങ്ക് അവഗണിക്കുന്നത് തീർത്തും ശരിയല്ല. മുഹമ്മദ്ﷺയുടെ പ്രഭാവത്തിന് കീഴിലുണ്ടായ കാരണത്താൽ അദ്ദേഹത്തിന്റെ വിജയങ്ങൾ തന്നത്താൻ സംഭവിച്ചവയല്ല. കുറച്ചൊക്കെ ഇസ്ലാമിന്റെ വ്യാപനം വിധിക്കപ്പെട്ടിരുന്നുവെങ്കിലും ഉമറിന്റെ മഹത്തായ നേതൃത്വത്തിൽ നേടിയ അനിതരസാധാരണമായ വ്യാപ്തി ഒരിക്കലും സ്വാഭാവികമല്ല.’ തുടർന്നെഴുതുന്നു: ‘ഉമർ പാശ്ചാത്യർക്ക് അജ്ഞാതനായ ഒരു വ്യക്തിയാണ്. ചാർലെമാഗ്നെ (Charlemagne), ജൂലിയസ് സീസർ തുടങ്ങിയ മഹത് വ്യക്തിത്വങ്ങളെക്കാൾ അദ്ദേഹത്തിന് ഉന്നത പദവി നൽകുന്ന കാര്യം ചിലപ്പോൾ അത്ഭുതംഉളവാക്കുന്നതായിരിക്കാം. പക്ഷേ, ഉമറിന്റെ കാലഘട്ടത്തിൽ അറബികൾക്കുണ്ടായ വിജയങ്ങൾ ചാർലെമാഗ്നെന്റേയും(Charlemagne), ജൂലിയസ് സീസറിന്റേയും വിജയങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അതിന്റെ ബാഹുല്യവും വേഗവും വളരെ പ്രാധാന്യമർഹിക്കുന്നവ തന്നെയാണ്.’ (A Ranking of : The 100 Hart pages, the Most Influential Persons in History by Michael H Bhd, Golden Books centre Sdnto 275271, 2008)

മറ്റൊരാളായ പ്രൊഫസ്സർ ഫിലിപ്പ് കെ ഹിട്ടി(Philip K Hitti)തന്റെ ഗ്രന്ഥമായ ഹിസ്റ്ററി ഓഫ് ദി അറബ്സിൽ (History of the Arabs) ഇങ്ങനെ എഴുതുന്നു: ഉമർ ലളിത പ്രകൃതനും മിതവ്യയനും നബിﷺതിരുമേനിയുടെ കർമോത്സുകനും കഴിവുറ്റവനുമായ ഖലീഫയായിരുന്നു. അദ്ദേഹം നല്ല ഉയരമുള്ളയാളും അരോഗദൃഢഗാത്രനും തലമുടി കുറഞ്ഞയാളുമായിരുന്നു. അദ്ദേഹം ഖലീഫ ആയതിനു ശേഷം കുറച്ചുകാലംവരെ വ്യാപാരം മുഖേന കിട്ടുന്നതുകൊണ്ടായിരുന്നു ഉപജീവനം നടത്തിയിരുന്നത്. അദ്ദേഹം തന്റെ ജീവിതകാലം മുഴുവനും ഒരു ദേശാടനക്കാരനെപോലെ, സന്യാസിയെപോലെ ലാളിത്യത്തോടെ കഴിച്ചുകൂട്ടി. മുസ്ലിമിലെ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഇസ്ലാമിന്റെ തുടക്ക കാലത്ത് മുഹമ്മദ്ﷺക്കുശേഷം ഏറ്റവും മഹത്തായ നാമം ഹദ്റത്ത് ഉമറിന്റേതായിരുന്നു. മുസ്ലിം ചരിത്രകാരന്മാർ അദ്ദേഹത്തെ ഭയഭക്തി, നീതി, ലാളിത്യം എന്നീ കാര്യങ്ങളിൽ ഒരു മാതൃകയായി ഉദ്ധരിച്ചിരിക്കുന്നു. ഖലീഫയാകുന്ന ഒരു വ്യക്തിയിൽ ഉണ്ടായിരിക്കേണ്ടത് ഈ ഗുണഗണങ്ങളാണെന്നും എഴുതിയിരിക്കുന്നു. തുടർന്നെഴുതുന്നു: ‘അദ്ദേഹത്തിന്റെ മഹത്തായ സ്വഭാവ സവിശേഷതകൾ ആർജവമുള്ള എല്ലാ പിന്മുറക്കാർക്കും പിൻപറ്റാനുതകുന്ന മാതൃകയാണ്. അദ്ദേഹത്തിന്റെ പക്കൽ എന്നും ഒരു കമീസും അതുപോലെ ഒരു നീളൻ കുപ്പായവും മാത്രമാണുണ്ടായിരുന്നത്. രണ്ടിലും വ്യക്തമായ നിലയിൽ കണ്ടംവെച്ച് തുന്നിപ്പിടിപ്പിച്ചതായി കാണാമായിരുന്നെന്നും വന്നിട്ടുണ്ട്. അദ്ദേഹം ഈന്തപ്പന ഓലയായിരുന്നു കിടക്കയായി ഉപയോഗിച്ചിരുന്നത്. അദ്ദേഹത്തിന്റെ ഈമാൻ സുദൃഢവും നീതിബോധം ഉന്നതവുമായിരുന്നു. അറബികൾക്കും ഇസ്ലാമിനും അഭിവൃദ്ധിയും സമാധാന അന്തരീക്ഷവും ഉണ്ടാകണമെന്നൊരു ചിന്ത മാത്രമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. (History of The Arabs by Philp K. Hitti, 10th edition, page 175, London 1989)

ഇൻശാഅല്ലാഹ് ഇനിയും ഈ വിവരണം

## കലാമുൽ ഇമാം

**‘നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!’**

*(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

## കലാമുൽ ഇമാം

**‘ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.’** *(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

തുടരുന്നതായിരിക്കും.

ഈ സമയത്ത് ചില പരേതാത്മാക്കളെ കുറിച്ച് വിവരിക്കുന്നതാണ്. അതിൽ ആദ്യത്തേത് മിർസ ബശീർ അഹ്മദ് സാഹിബ്ؓന്റെ മകൻ ഡോക്ടർ മിർസ മുബശ്ശിർ അഹ്മദ് സാഹിബിന്റെ ഭാര്യ സാഹിബ്സാദി ആസിഫ മസ്ഊദ് ബീഗം സാഹിബയുടേതാണ്. കഴിഞ്ഞ ദിവസം വഫാത്തായി. 92 വയസ്സയിരുന്നു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

അവർ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ദൗഹിത്രിയും, ഹദ്റത്ത് നവാബ് മുബാറക ബീഗം സാഹിബയുടേയും ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റേയും ഇളയ മകളുമായിരുന്നു. ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബിന്റെ മരുമകളായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയ ആയിരുന്നു. സന്തപ്ത കുടുംബത്തിൽ ഒരു മകനും നാലു പെൺമക്കളുമുണ്ട്. അവരുടെ മകൻ ത്വാരിഖ് അക്ബർ സാഹിബ് പറയുന്നു: 'ഉമ്മ എപ്പോഴും ജമാഅത്തിനോടും കാലത്തിന്റെ ഖലീഫയോടും കൂറു പുലർത്തിയിരുന്നു. ജമാഅത്തിന്റെ സേവനത്തിനും, വസിയത്തിനോടുള്ള കടമകൾ നിറവേറ്റാനും പ്രയത്നിച്ചിരുന്നു. തന്റെ ജീവിതത്തിൽ ത്തന്നെ അവർ ഹിസ്സ ജാഇദാദ് അടച്ചു തീർത്തു. എല്ലാ വർഷവും മർഹൂമീങ്ങളുടെ പേരിൽ ചന്ദ നൽകിയിരുന്നു. ദരിദ്രർക്ക് വിപുലമായനിലയിൽ ചെലവഴിച്ചിരുന്നു. പരോക്ഷമായി അവരെ സഹായിച്ചിരുന്നു. ജോലിക്കാരെ പറ്റി, ഇവർ നിങ്ങളുടെ സഹോദരി സഹോദരങ്ങളാണെന്നും ഇവരെ പ്രത്യേകം ശ്രദ്ധിക്കണമെന്നും പറയുമായിരുന്നു. കുടുംബ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാൻ പരിശ്രമിക്കുമായിരുന്നു. താൻ കാരണം ആരും ബുദ്ധിമുട്ടാതിരിക്കാൻ ശ്രമിക്കുമായിരുന്നു. നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നവരും, അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമകൾ നിർവേറ്റുന്നവരുമായിരുന്നു.'

അവരുടെ മരുമകൾ നഈമ സാഹിബ പറയുന്നു: 'അമേരിക്കയിലെ അവരുടെ വീടുപണി പൂർത്തിയായപ്പോൾ സാധനങ്ങൾ കൊണ്ടുവരുന്നതിനുമുമ്പേ എല്ല മുറികളിലും കോണുകളിലും നഫ്ലുകൾ നമസ്കരിക്കാൻ പറയുകയുണ്ടായി.' തുടർന്ന് പറയുന്നു: 'എന്റെ മാതാവ് മരണപ്പെട്ടപ്പോൾ അവരെന്നോട് പറഞ്ഞു: 'നീ ഇപ്പോൾ ഉമ്മയില്ലാത്തവളായി കരുതരുത്. ഞാൻ നിന്റെ മാതാവാണ്.' തീർച്ചയായും അവരുടെ സ്നേഹനിർഭരവും പ്രാർഥനാഭരിതവുമായ വ്യക്തിത്വം എന്നോട് സ്വന്തം മക്കളേക്കാൾ സ്നേഹം എനിക്ക് നൽകി. ഖിലാഫത്തുമായി ഒരിക്കലും ബന്ധം വേർപെടുത്തരുതെന്ന് എപ്പോഴും ഉപദേശിക്കാറുണ്ടായിരുന്നു. ഞാനുമായി പല രീതിയിൽ കുടുംബ ബന്ധമുണ്ടായിരുന്നു. എന്റെ പിതാമഹിയുടെ രണ്ടാം മാതാവിൽനിന്ന് സഹോദരിയുമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പിതാമഹിയെന്നും പറയുമായിരുന്നു. എന്റെ മാതൃസഹോദരിയുമായിരുന്നു. ബന്ധത്തിൽ പിതൃസഹോദരിയുമായിരുന്നു. എന്നാൽ, പറയുന്നു: ഈ ബന്ധങ്ങളൊക്കെ ഉണ്ടായിരുന്നിട്ടും കാലത്തിന്റെ ഖലീഫയെ അനുസരിക്കുന്നവരായിരുന്നു. ഇതു വെറും വാക്കുകളല്ല. മറിച്ച് യഥാർഥത്തിൽ അവർ ഖിലാഫത്തിനോടുള്ള കൂറ് പുലർത്തി. സ്വദഖകൾ കൂടുതലായി നൽകിയിരുന്നു. തഹ്‌രീക്കെജദീദ് ചന്ദകൾ ഉസ്താദുമാർ, മഹാത്മാക്കൾ, ഖാദിയാനിലെ ജോലിക്കാരുടെ പേരിലും ചന്ദ നല്കാറുണ്ടായിരുന്നു. ജോലിക്കാരെ പറഞ്ഞയക്കുമ്പോൾ എന്തെങ്കിലും നല്ല രീതിയിൽ നൽകി അവരെ പറഞ്ഞയക്കുമായിരുന്നു. എന്തെങ്കിലും തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ മാപ്പാക്കണമെന്നും പറഞ്ഞിരുന്നു.

അവരുടെ ഒരു മകൾ ശാഹിദ പറയുന്നു: 'ചെറുതായിരുന്നപ്പോൾ തന്നെ അല്ലാഹുവിനെ ഉമ്മ ഞങ്ങൾക്കു പരിചയപ്പെടുത്തി തന്നു. ഈ രീതിയിൽ അതായത് 'ഷൂ' വിന്റെ വള്ളിയായാലും അല്ലാഹുവിനോട് ചോദിക്കണമെന്ന് പറഞ്ഞുതന്ന് ദുആകളിലേക്ക് പ്രേരിപ്പിച്ചു. ഖിലാഫത്തിനെ ആദരിക്കാൻ പ്രത്യേകം ഉപദേശിക്കുമായിരുന്നു. ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് വന്നപ്പോൾ ഖലീഫയായി ആരുവന്നാലും പരിപൂർണമായും അനുസരണം പുലർത്തണമെന്ന് ഉപദേശിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാമിന്റെ ഹരിതാഭമായ ശാഖ ഉണങ്ങിപ്പോകാതിരിക്കാൻ ദുആ ചെയ്യാനും പറയുമായിരുന്നു.'

അവരുടെ മകൾ നുസ്റത്ത് ജഹാൻ പറയുന്നു: 'ചെറുപ്പം മുതൽക്കേ ഞങ്ങളുടെ തർബിയ്യത്തു കാര്യം വളരെ നല്ല രീതിയിൽ ശ്രദ്ധിക്കുമായിരുന്നു. ഖുർആൻ പാരായണം ചെയ്യുമ്പോൾ ഏതെങ്കിലും പ്രധാന ആയത്ത് വന്നാൽ അവിടെ നിറുത്തി അതിന്റെ അർഥം മനസ്സിലാക്കി തരുമായിരുന്നു. അല്ലെങ്കിൽ വല്ല ഉപദേശവും നൽകുമായിരുന്നു. അതുപോലെ പൂർവികരുടെ സുസ്മരണ എപ്പോഴും നടത്തിയിരുന്നു. ഒരുപാട് അമൂല്യമായ സാരോപദേശ കഥകൾ അവർക്കറിയാമായിരുന്നു. പലപ്പോഴും അവ ഞങ്ങൾക്ക് ആവർത്തിച്ചാവർത്തിച്ച് കേൾപ്പിച്ചു തരുമായിരുന്നു.

സ്വദ്ർ ലജ്ന ജില്ലാ ലാഹോർ ഫൗസിയ ശമീം സാഹിബ, ഇവർ ഹദ്റത്ത് നവാബ് അമത്തുൽ ഹഫീള് സാഹിബയുടെ മകളാണ്. പരേതയെ കുറിച്ച് പറയുന്നു: അവർ ഒരു അസാധാരണ സ്ത്രീയായിരുന്നു. ഏതെങ്കിലും ചന്ദയെ കുറിച്ച് പറഞ്ഞാൽ അവർ മനസ്സു തുറന്ന് ചന്ദ നൽകുമായിരുന്നു. ചിലപ്പോഴൊക്കെ വാക്കാലും ചിലപ്പോഴൊക്കെ കടലാസ് തുണ്ടിൽ എഴുതിയും ചന്ദയുടെ വാഗ്ദാനം അറിയിക്കുമായിരുന്നു. ഒരു വലിയ സംഖ്യ ചന്ദയായിനൽകിയിരുന്നു. അതിനെ കുറിച്ച് ആരോടും പറയരുതെന്നും പറയുമായിരുന്നു. വളരെ ലാളിത്യമുള്ള സ്ത്രീയായിരുന്നു. സ്വന്തം കാര്യത്തിൽ എത്രത്തോളം ചെലവു ചുരുക്കിയിരുന്നുവെന്നാൽ ആളുകൾ അവർ പിശുക്കിയാണെന്നുവരെ കരുതിയിരുന്നു. എന്നാൽ, സ്വദഖയും ദാനധർമങ്ങളും നൽകുമ്പോൾ കൈയ്യയച്ച് നൽകിയിരുന്നു. ഒരിക്കൽ അവരുടെ പ്രദേശത്തു ഒരു മസ്ജിദ് നിർമാണത്തെ കുറിച്ച് പറഞ്ഞപ്പോൾ ഒരു ഭാരിച്ചതുക ഏതാണ്ട് ഒരു കോടിരൂപ അവർ എനിക്ക് കൊടുത്തയാക്കുകയുണ്ടായി.

അവരുടെ ദൗഹിത്രി റാളിയ പറയുന്നു: ചെറുപ്പം മുതൽക്കേ ഞങ്ങൾക്ക് സദുപദേശങ്ങളും നല്ല നല്ല കാര്യങ്ങളും പറഞ്ഞുതരുമായിരുന്നു. കുട്ടികളായിരിക്കുമ്പോൾ തന്നെ ഭാഗ്യം ചെയ്തവരായി തീരാൻ ദുആ ചെയ്യണമെന്ന് ഉപദേശിക്കുമായിരുന്നു. അതുപോലെ നല്ല ഭർത്താവിനെ കിട്ടാൻവേണ്ടി ദുആ ചെയ്യാനും പറയുമായിരുന്നു. കുട്ടികളായതുകൊണ്ട് അതുകേട്ട് ഞങ്ങൾക്ക് ലജ്ജ തോന്നുമ്പോൾ അല്ലാഹുവിനോടു എന്തിനാണ് നാണിക്കുന്നതെന്നും തുറന്ന നിലയിൽ ചോദിക്കണമെന്നും പറയുമായിരുന്നു. മതഗ്രന്ഥങ്ങൾ സ്ഥിരമായി വായിക്കുമായിരുന്നു. മിക്കപ്പോഴും കാറിൽ സഞ്ചരിക്കുമ്പോൾ ദുആ ചൊല്ലിക്കൊണ്ടിരിക്കുകയും പ്രാർഥനാ കവിതകൾ ചൊല്ലിക്കൊണ്ടിരിക്കുകയും ചെയ്യുമായിരുന്നു. അല്ലാഹു അവരോടു പൊറുക്കലോടും കരുണയോടും കൂടി പെരുമാറാകട്ടെ. അവരുടെ മക്കൾക്കും വരും തലമുറകൾക്കും അവരുടെ കാലടികൾ പിന്തുടരാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

അടുത്ത ജനാസ കസാഖിസ്താൻ ജമാഅത്തിന്റെ മുൻ അമീർ റൗലാൻ സാസൻ ബാഊഫ് സാഹിബിന്റെ ഭാര്യ ക്ലാരാ ആപ്പാ സാഹിബയുടേതാണ്. കഴിഞ്ഞ മാസമാണ് അവർ വഫാത്തായത്. *ഇന്നാ ലില്ലാഹി വി ഇന്നാ ഇലയ്ഹി റാജിഊൻ.* കസാഖിസ്താനിലെ മുബല്ലിഗ് അതാഉർറബ്ബ് ചീമ സാഹിബ് എഴുതുന്നു: '94,95 ലാണ് അവർക്ക് ബയ്അത്തു ചെയ്യാനുള്ള തൗഫീഖ് ലഭിച്ചത്. കസാഖിസ്താനിൽ പ്രസിദ്ധമായൊരു കുടുംബത്തിലെ അംഗമായിരുന്നു. അവരുടെ ഭർത്താവ് റൗലാൻ സാസൻ ബാഊഫ് സാഹിബ് കസാഖിസ്താനിലെ ആദ്യത്തെ അമീർ ജമാഅത്തായിരുന്നു. കസാഖിസ്താൻ പ്രസിഡന്റിന്റെ ഉപദേശകനുമായിരുന്നു. കസാഖ് ഭാഷയിലെ പ്രശസ്ത സാഹിത്യകാരനുമായിരുന്നു. ക്ലാര സാഹിബ തന്നെയും നല്ല വിവർത്തകയും അതുപോലെ എഴുത്തുകാരിയുമായിരുന്നു. കസാഖിസ്താനിൽ ജമാഅത്തിന്റെ സ്ഥാപനം നടന്നതിന്റെ എല്ലാ ക്രെഡിറ്റും അവർക്കും ഭർത്താവിനും സ്വന്തമാണ്. ക്ലാര സാഹിബ വിശുദ്ധ ഖുർആൻ കസാഖ് ഭാഷയിൽ തർജമ ചെയ്തിട്ടുണ്ട്. അതു ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. എന്തായാലും അതിൽനിന്നു അവരുടെ ജമാഅത്തിനോടുള്ള സ്നേഹം എത്രത്തോളമാണെന്ന് വ്യക്തമാകുന്നു. അവർ കസാഖിസ്താനിൽ അഹ്മദിയ്യത്തിന് നല്ല വേരോട്ടം ലഭിക്കാൻ ആഗ്രഹിച്ചിരുന്നു. അതിനുവേണ്ടി പരമാവധി പരിശ്രമിച്ചിരുന്നു. ആ പ്രദേശത്തെ മുല്ലാക്കൾ ജമാഅത്തിനെതിരെ പ്രതിഷേധങ്ങൾ നടത്തുമ്പോൾ അവരുടെ കുടുംബത്തെ കുറിച്ച് പരാമർശിക്കുമായിരുന്നു. ഈ കുടുംബം അഹ്മദികളാണെന്നതും കസാഖിസ്താനിൽ അഹ്മദിയ്യത്ത് കൊണ്ടുവന്നവർ ഇവർ തന്നെയാണെന്നും പറയുമായിരുന്നു. ക്ലാരാ സാഹിബയുടെ മകൾ മർഹബ അസാസീൻ ബാഊവാ എഴുതുന്നു: 'അവർ വളരെ നല്ല വിവർത്തകയായിരുന്നു. ബഹുമുഖ പ്രതിഭയും ശക്തമായ വ്യക്തിത്വത്തിന് ഉടമയുമായിരുന്നു. വളരെ പരിശുദ്ധവും ആകർഷണീയവുമായ സ്വഭാവത്തിനുടമയും ആയിരുന്നു. 1995-ൽ സ്ഥാപിതമായ കസാഖിസ്താനിലെ ഥഖാഫത്തി മർക്കസ് ഹൗസ് ഓഫ് ആബായേയുടെ സ്ഥാപക നേതാക്കളിൽ ഒരാളായിരുന്നു. ലണ്ടനിൽവെച്ചുതന്നെ അവർ കസാഖിസ്താൻ എന്ന ഗ്രന്ഥം എഴുതി. അക്കാലം മുതൽക്കേ അവർക്ക് ജമാഅത്തുമായി പരിചയപ്പെടാൻ സാധിച്ചു. ഹദ്റത്ത് ഖലീഫ

ത്തുൽ മസീഹ് റാബിഅ്ന്റെ കൈയിൽ അവർ ബയ്അത്തു ചെയ്തു.' മകൾ എഴുതുന്നു: 'അവർ തന്റെ മക്കളുടെ മാത്രം മാതാവായിരുന്നില്ല. പ്രത്യുത അവരുടെ അടുത്ത് സഹായത്തിനോ അഭിപ്രായം ആരായാനോ വരുന്ന എല്ലാവരുടെയും മാതൃസ്ഥാനം അലങ്കരിച്ചിരുന്നു.'

നോറം തായിബേക് സാഹിബ് പറയുന്നു: 'ജമാഅത്തിലെ എല്ലാ യുവ അഹ്മദികളുടേയും അതു പോലെ കസാഖിസ്താൻ ജമാഅത്തിന്റേയും പൊതുവിൽ എല്ലാവരുടേയും മാതൃസ്ഥാനത്തുള്ള സ്ത്രീയായിരുന്നു. പറയുന്നു: 'ഞാൻ പത്തുവർഷത്തെ അവരുടെ ജമഅത്തീ സേവനങ്ങൾ കണ്ടിട്ടുണ്ട്. തുടക്കത്തിലെ മൂന്നുവർഷം വളരെയധികം ആവേശോത്സാഹങ്ങളോടെയും ചിലപ്പോഴൊക്കെ ഒരു പർവ്വതം പോലെയും അവർ ജമാഅത്തിനുവേണ്ടി പ്രതിരോധം തീർക്കുകയും ജാമാഅത്തീ സേവനങ്ങളിൽ മുഴുകയും ചെയ്തിരുന്നു. അവരുടെ പ്രായം, അസുഖങ്ങൾ മറ്റുചില ജോലികൾ അതു പോലെ പുസ്തക രചന തുടങ്ങിയവ കാരണത്താൽ പിന്നീട് അവർക്ക് തിരക്കുകളുണ്ടായി. എന്നിരുന്നാലും ജമാഅത്തിനുവേണ്ടി കൂടുതൽക്കൂടുതൽ സേവനങ്ങൾ ചെയ്യാനും ജമാഅത്തിനോടും ഖിലാഫത്തിനോടും എപ്പോഴും ആത്മാർഥത വെച്ച് പുലർത്താനും അവർ പരിശ്രമിച്ചുകൊണ്ടിരുന്നു.' തുടർന്നെഴുതുന്നു: ദേശ സ്നേഹത്തിന്റേയും രാജ്യത്തിന്റേയും സമുദായത്തിന്റേയും അഭിവൃദ്ധിയുടെ അടയാളമായി ഒരു നീണ്ടകാലം റൗലാൻ സാഹിബും ക്ലാര സാഹിബയും അറിയപ്പെട്ടിരുന്നു. റൗലാൻ സാഹിബിന്റെ വിജയങ്ങളിൽ ഒരു വലിയ പങ്ക് ക്ലാര സാഹിബയുടേതാണ്. അവർ ജമാഅത്ത് അഹ്മദിയ്യ കസാഖിസ്താന്റെ ഒരു സജീവ സ്വദർ ലജ്ന മാത്രമായിരുന്നില്ല. മറിച്ച് ജമാഅത്ത് അഹ്മദിയ്യാ കസാഖിസ്താന്റെ ആദ്യ അമീറിന്റെ ഗുരു ആയിരുന്നു. പറയുന്നു: 'എനിക്കോർമയുണ്ട് 96 മുതൽ 99 വരെയോ അല്ലെങ്കിൽ അതിനുശേഷവും വളരെ മികച്ച നിലയിൽ ജമാഅത്തിലെ മിഷൻഹൗസിൽ ലജ്നക്ക് ആഴ്ചതോറുമുള്ള ക്ലാസുകൾ സംഘടിപ്പിക്കുകയും എല്ലാവരുടെയും ഹാജർ ഉറപ്പ് വരുത്തുകയും ചെയ്തിരുന്നു. അതിൽ ലജ്ന, മുരബ്ബി സാഹിബിനോട് പല ചോദ്യങ്ങളും ചോദിച്ചിരുന്നു. പിന്നീട് അവർക്ക് ആ ചോദ്യങ്ങളുടെ ഉത്തരം നൽകിയിരുന്നു. തുടർന്ന് പറയുന്നു: അഹ്മദിയ്യ ജമാഅത്തിന്റെ ലിറ്ററേച്ചറുകൾ ക്ലാര സാഹിബയേക്കാളും നന്നായി പരിഭാഷപ്പെടുത്തുന്ന ആരുമില്ല. ക്ലാര സാഹിബ മുതിർന്ന അഹ്മദികളിൽ ഏറ്റവും ഉത്തമയായ അഹ്മദിയായിരുന്നു. ജമാഅത്തിലെ ചെറുപ്പക്കാർക്ക് ആത്മീയാഭിവൃദ്ധിക്കുള്ള ഒരു മാർഗമായിരുന്നു. അവരിൽ ജമാഅത്തിന്റെ യഥാർഥശക്തി അഥവാ യഥാർഥ ഇസ്ലാമിന്റെ റൂഹ് നിലനിന്നിരുന്നു. കഠിനമായ അവസ്ഥയിലും തളർന്നിരുന്നില്ല. എപ്പോഴും സ്വയവും മറ്റുള്ളവരെയും വിജയത്തിലേക്ക് കൊണ്ടുപോകുമായിരുന്നു. അല്ലാഹു അവരോടു പൊറുക്കലോടും കരുണയോടുംകൂടി പെരുമാറട്ടെ. ഖസാഖിസ്താനിൽ അഹ്മദിയത്തിന് വേണ്ടി അവർ ചെയ്ത പ്രയത്നങ്ങൾ പൂർത്തീകരിക്കുമാറാകട്ടെ. അവരുടെ ദുആകളെല്ലാം സ്വീകരിക്കുമാറാകട്ടെ

അടുത്ത അനുസ്മരണം വിങ് കമാണ്ടർ അബ്ദുർറശീദ് സാഹിബിന്റേതാണ്. കഴിഞ്ഞ മാസം ഇദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസി ആയിരുന്നു. അദ്ദേഹത്തിന്റെ മകൻ ഫാറൂഖ് പറയുന്നു: 'അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ബാബു ശെയ്ഖ് അബ്ദുൽ അസീസ് എന്നായിരുന്നു. അദ്ദേഹം സെക്രട്ടറി മജ്ലിസ് കാർപർദാസായിരുന്നു. അദ്ദേഹത്തിന്റെ അമ്മാവൻ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ ചരിത്രത്തിൽ ലാഹോറിന്റെ ആദ്യ അമീറായി നിയമിച്ച ഫർസന്ദ് അലി സാഹിബ് ആയിരുന്നു. അദ്ദേഹത്തിന്റെ പിതാവ് യുവത്വത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓന്റെ കൈകളിൽ നേരിട്ട് ബയ്അത്ത് ചെയ്തു. പറയുന്നു: 'റശീദ് സാഹിബ് തന്റെ മാതാപിതാക്കളുടെ ഏകമകനായിരുന്നു. റശീദ് സാഹിബിന്റെ പിതാവിന്റെ ആദ്യമൊരു വിവാഹം നടന്നിരുന്നു. പിന്നീട് അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ച കാരണത്താൽ ഭാര്യ തന്റെ രണ്ട് പെൺമക്കളെയും കൊണ്ടു പോയി. പിന്നീട് രണ്ടാമത്തെ വിവാഹം നടന്നു. അതിലാണ് റശീദ് സാഹിബ് ജനിച്ചത്. എപ്പോഴും മാതാപിതാക്കളെ അനുസരിച്ചിരുന്നു. അവർക്കു സേവനങ്ങൾ ചെയ്തിരുന്നു. അവരുടെ എല്ലാ വാക്കുകളും അനുസരിച്ചിരുന്നു. വിഭജനംവരെ പിതാവ് ഖാദിയാനിൽ തന്നെ വിദ്യ അഭ്യസിച്ചിരുന്നു. പിന്നീട് വിഭജനത്തിന്റെ സമയത്ത് അദ്ദേഹവും മറ്റുള്ള സംഘങ്ങളുടെ കൂടെ ഖാദിയാനിൽ നിന്നു ലാഹോറിലെത്തി. അതുകഴിഞ്ഞ് ആദ്യംപോയ കുടുംബങ്ങളോടൊപ്പം തന്റെ മാതാപിതാക്കളുടെകൂടെ റബ്‌വയിൽ വന്ന് താമസമാക്കി. 1954 നോടടുത്ത് അദ്ദേഹം എയർ ഫോഴ്സിൽ പെർമിഷൻ എടുത്തു. വിവിധ എയർ ബേസസു(air bases)കളിൽ നിയമിതനായി. എവിടെയാണെങ്കിലും അഹ്മദിയ്യത്തിനെ പരിചയപ്പെടുത്തി. ലിബിയയിലും കുറച്ചുകാലം അദ്ദേഹത്തിന് ഡപ്യൂട്ടേഷനിൽ പാക്കിസ്താൻ സർക്കാറിൽനിന്ന് അയക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഫൈലിൽ അദ്ദേഹം ഖാദിയാനിയാണെന്നും പോകാൻ പറ്റില്ലെന്നും എഴുതിയിട്ടുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ഓഫീസർ അദ്ദേഹത്തെ അയച്ചു. തനിക്ക് താങ്കളെക്കാളും നല്ല ഓഫീസറെ കാണുവാൻ സാധിക്കുന്നില്ലെന്ന് ഓഫീസർ പറയുകയുണ്ടായി. പറയുന്നു: 'പിതാവ് ഒരിക്കൽ താൻ ലിബിയയിൽ വെച്ച് പാകിസ്താൻ അംബാസിഡറെ ഒരു തവണ കാണുകയുണ്ടായെന്ന് പറഞ്ഞു. പിതാവ് അംബാസിഡറുടെ ഓഫീസിൽ പ്രവേശിച്ചപ്പോൾ ഒരു ഭാഗത്ത് അറബിയിൽ ജമാഅത്തിനെതിരെയുള്ള ബുക്കുകളും പാംഫ്ലെറ്റുകളും വെച്ചിരുന്നു. അപ്പോൾ റശീദ് സാഹിബ് അംബാസിഡറോഡ് വളരെ ധീരമായി ഇതെന്താണെന്നും എന്തിനാണിത് ഇവിടെ വെച്ചിരിക്കുന്നതെന്നും ചോദിച്ചു. അദ്ദേഹംപറഞ്ഞു: 'ഇതൊക്കെ വ്യർഥമായ കാര്യങ്ങളാണ്. ചിന്താകുലനാകേണ്ട. സിയാഉൽ ഹഖിന്റെ ഭരണകൂടം ഞങ്ങളുടെ നാട്ടിൽ പ്രചരിപ്പിക്കാനും എംബസികൾക്ക് അയച്ചു കൊടുക്കാനും ഞങ്ങൾക്ക് അയച്ചു തന്നതാണ്.' പിന്നീട് ഇദ്ദേഹം പറയുന്നു: 1982-ൽ അദ്ദേഹത്തിന്റെ ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഖലീഫത്തുൽ മസീഹ് റാബിഅ്ؒ സ്പെയിനിൽ വന്നപ്പോൾ ഹുദൂർ സ്വന്തം കൈയാൽ കത്തെഴുതി അദ്ദേഹത്തെ ലിബിയയിലെ അമീർ ആക്കി. ലിബിയയിലെ ആദ്യ അമീറായിരുന്നു. നമസ്കാരങ്ങളുടെ നിർവഹകണം ഒരു മുഅ്മിനെ സംബന്ധിച്ചടത്തോളം നിർബന്ധമാണ്. വിശുദ്ധ ഖുർആൻ പാരായണത്തിലും, ചന്ദ നൽകുന്നതിലും കൃത്യത പാലിച്ചിരുന്നു. തന്റെ വഫാത്തിനു മുമ്പേ ഹിസ്സ ആമദ് അടച്ചിരുന്നു. തഹ്‌രീക്കെ ജദീദ്, വഖ്ഫ് ജദീദ് എന്നിവ സ്വന്തമായും മഹാത്മാക്കളുടെ പേരിലും നല്കിയിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ ഒരു സംഭവം മകനോട് വിവരിക്കാറുണ്ടായിരുന്നു. മകൻ എഴുതുന്നു: 'റബ്‌വയിൽ ആദ്യ ദിനങ്ങളിൽ ഏതോ ഒരു സന്ദർഭത്തിൽ ഖലീഫത്തുൽ മസീഹ് ഥാനിؓ അദ്ദേഹത്തെ വിളിപ്പിച്ചു. വേനൽക്കാലമായിരുന്നു. പിതാവ് മുറിയിൽ പ്രവേശിച്ചപ്പോൾ ഹുദൂർ പായയിൽ കിടക്കുകയായിരുന്നു. അവിടന്ന് എഴുന്നേറ്റപ്പോൾ ശരീരത്തിൽ പായയുടെ അടയാളമുണ്ടായിരുന്നു. പറയുന്നു, ഇക്കാര്യങ്ങൾ ഞങ്ങൾ കുട്ടികളുടെ ഹൃദയത്തിലും ഖിലാഫത്തിനോട് സ്നേഹത്തിന്റെയും, അനുസരണത്തിന്റെയും ബന്ധം സൃഷ്ടിക്കുകയും വളരെയധികം പ്രഭാവം ചെലുത്തുകയും ചെയ്തു.

1984-ൽ എയർഫോർസിൽനിന്ന് റിട്ടയേർഡായി. Squadron Leader എന്ന പദവിയിൽ നിന്ന്, റാങ്കിൽ നിന്ന്. പിന്നീട് റബ്‌വയിൽ സ്ഥിരതാമസമാക്കി. പിന്നീട് സ്വദർ ഉമൂമിയായും ഖളായുടെ ഓഫീസിൽ കുറച്ചു കാലവും സേവനം ചെയ്തു. ദരിദ്രരെ സാഹയിക്കുന്ന ആളായിരുന്നു. എല്ലാവരുടെയും ആവശ്യങ്ങളെക്കുറിച്ചു ചിന്തിച്ചിരുന്നു. അദ്ദേഹം മരിക്കുന്നതിനുമുമ്പേ അവസാനമായി ദരിദ്രരെ പരിഗണിക്കണമെന്ന് വസിയ്യത്ത് ചെയ്തു. അല്ലാഹു അദ്ദേഹത്തോട് മഗ്ഫിറത്തോടും കരുണയോടുംകൂടി പെരുമാറട്ടെ. മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ നിലനിറുത്താൻ തൗഫീഖ് നൽകുമാറാകട്ടെ.

അടുത്ത അനുസ്മരണം അമേരിക്കയിലെ കരീം അഹ്മദ് നഈം സാഹിബിന്റെ ഭാര്യ സുബയ്ദ ബീഗം സാഹിബയുടേതാണ്. ഇവരും കഴിഞ്ഞ മാസമാണ് വഫാത്തായത്. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇവർ ഹദ്റത്ത് ഡോക്ടർ ഹശ്മത്തുല്ലാഹ് ഖാൻ സാഹിബിന്റെ ഇളയ മരുമകളാ യിരുന്നു. പരേത ഖിലാഫത്തിനെ അങ്ങേയറ്റം സ്നേഹിക്കുന്നവരും നിഷ്കളങ്കയും നന്മയുള്ള സ്ത്രീയുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയ ആയിരുന്നു. സന്തതികുടുംബത്തിൽ മൂന്ന് ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. ഇവരുടെ ഒരു മകൻ മുനിം നഈം സാഹിബ് യൂ എസ് എയിലെ ഹുമാനിറ്റി ഫസ്റ്റിന്റെ ചെയർമാനാണ്. ഇവർ ഡോക്ടർ അബ്ദുൽ മന്നാൻ സാഹിബിന്റെ ഭാര്യാമാതാവുമായിരുന്നു. ഇവരുടെ മകളും ഡോക്ടർ മന്നാൻ സിദ്ദീഖി സാഹിബിന്റെ ഭാര്യയുമായ അമത്തുശ്ശാഫി എഴുതുന്നു: എല്ലാവരോടും സ്നേഹത്തോടെ പെരുമാറുന്നത് ഇവരുടെ രീതിയായിരുന്നു. അവർക്കുവേണ്ടി ദുആ ചെയ്യുമായിരുന്നു. നിഷ്കളങ്കമായ അഭിപ്രായങ്ങൾ നൽകുമായിരുന്നു. ദരിദ്രരെ സഹായിക്കുമായിരുന്നു. അടുത്തും അകന്നതുമായ എല്ലാ ബന്ധുക്കളുമായും വളരെ സ്നേഹത്തോടെ പെരു

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ
Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 2 December 2021 Issue-48

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

മാറുന്നത് ഇവരുടെ പ്രത്യേക ഗുണമായിരുന്നു. യുവത്വം മുതൽ തഹജ്ജുദ്അനുഷ്ഠിച്ചിരുന്നു. അല്ലാഹുവിൽ ഭരമേല്പിച്ചു തന്റെ ജീവിതം നയിച്ചു. ജുമുഅ ദിവസം പ്രത്യേകമായ രീതിയിൽ ഇബാദത്ത് ചെയ്യുന്നതായി ഞങ്ങൾ ചെറുപ്പം തൊട്ടേ കണ്ടിരുന്നു. തന്റെ ചന്ദകൃത്യസമയത്തു നൽകാനുള്ള ചിന്ത എപ്പോഴുമുണ്ടായിരുന്നു. അല്ലാഹു ഇവരോട് മഗ്ഫിറത്തോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ. മക്കൾക്കും നന്മകൾ ചെയ്യാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

അടുത്ത അനുസ്മരണം ഹഫീള് അഹ്മദ് ഗുമ്മൻ സാഹിബിന്റേതാണ്. ഇദ്ദേഹം കഴിഞ്ഞ ദിവസം വഫാത്തായി *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഖുർആൻ പരിഭാഷയും, തഫ്സീറും വായിക്കുവാൻ പ്രത്യേക ഇഷ്ടമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാമിന്റെ എല്ലാ ഗ്രന്ഥങ്ങളും വായിച്ചിരുന്നു. റബ്വയിൽ ദീനി സേവനത്തിനുള്ള അവസരവും ലഭിച്ചു. സമയനിഷ്ഠയുള്ള ആളായിരുന്നു. അതിഥി സൽക്കാര പ്രിയനായ ഇദ്ദേഹം കുട്ടികളോട് വാത്സല്യത്തോടെ പെരുമാറിയിരുന്നു. വളരെ നിർമലപ്രകൃതനും, പരിശ്രമശാലിയുമായിരുന്നു. എപ്പോഴും ദൈവസ്മരണയിൽ മുഴുകുമായിരുന്നു. സൃഷ്ടികളോടു ഏറ്റവും മികച്ച രീതിയിൽ കാരുണ്യത്തോടെ പെരുമാറിയിരുന്നു. സ്വയം ബുദ്ധിമുട്ട് സഹിച്ചു മറ്റുള്ളവരെ സമാധാനത്തിലാക്കുമായിരുന്നു. മർഹൂം അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയെ കൂടാതെ മൂന്ന് ആൺമക്കളും മൂന്ന് പെൺമക്കളുമുണ്ട്. ഇദ്ദേഹത്തിന്റെ ഒരു മരുമകൻ കാശിഫ് ഹമീദ് ബാജ്വ ഇവിടെ നമ്മുടെ പി.എസ് ഓഫീസിൽ മുറബ്ബിയായി സേവനമനുഷ്ഠിക്കുന്നു. ഇദ്ദേഹത്തിന്റെ മകൾ അമത്തുൽ ഖുദ്ദൂസ് പറയുന്നു: വിനയം അദ്ദേഹത്തിൽ നിറഞ്ഞു നിന്നിരുന്നു. ലളിതമായ വസ്ത്രം ലളിതമായ വീട് ലളിതമായ ഭക്ഷണം. ആർഭാടത്തിൽനിന്ന് എപ്പോഴും ദൂരം പാലിച്ചു. അദ്ദേഹത്തിന് എപ്പോഴും ദരിദ്രരുടെ ചിന്തയായിരുന്നു. അവസ്ഥ ഉണ്ടായിട്ടും തനിക്കുവേണ്ടി കുറച്ചാണ് ചെലവഴിച്ചിരുന്നത്. ദരിദ്രർക്കുവേണ്ടി വളരെയധികവും ചെലവഴിച്ചിരുന്നു. അല്ലാഹു അദ്ദേഹത്തോടും മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ നിലനിറുത്താനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

വിവർത്തനം: പി.കെ.അംനാസ്

## 126-ാമത് ജൽസാ സാലാന ഖാദിയാൻ

**സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 126-ാമത് ഖാദിയാൻ ജൽസാസാലാന 2021 ഡിസംബർ 24,25,26 (വെള്ളി, ശനി, ഞായർ) തീയ്യതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു.**

**പേജ് 7 ൽ നിന്ന്**

പ്രാർഥിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം പറഞ്ഞു: അഹ്മദിയ്യാ ജമാഅത്ത് നമ്മുടെ പട്ടണത്തിന്റെ ഭാഗമാണ്. നിങ്ങളുടെ ഈ മസ്ജിദ് നിർമാണം പൂർത്തിയാക്കാൻ സാധിച്ചതിൽ ഞാനാദ്യമായി നിങ്ങൾക്ക് ആശംസകൾ നേരുന്നു. ഇന്ന് ഇതിന്റെ ഉൽഘാടനവും നടന്നു കഴിഞ്ഞു.

വീസ് ബാഡനിലെ പൗരന്മാര് ഒത്തു കൂടുകയും മതപരമായ ചർച്ചകള് കൂടുതലായി നടത്താൻ സാധിക്കുകയും ചെയ്യുന്ന ഇടത്തിലാണ് ഈ മസ്ജിദ് വേണ്ടുന്നത്. എന്റെ വീടിന്ന് സമീപത്താണ് ഈ മസ്ജിദ് സ്ഥിതി ചെയ്യുന്നത്. ഈ മസ്ജിദ് നിങ്ങൾക്കെല്ലാവർക്കും അസാധാരണമായ ദിനം മാത്രമല്ല വളരെ പ്രാധാന്യം അർഹിക്കുന്ന ദിനമാണ് നല്കിയിരിക്കുന്നതെന്ന് രാവിലെ ഇതുവഴി പോയപ്പോൾ എനിക്ക് മനസ്സിലായി.

സഹകരണ മനോഭാവത്തോടെ ജീവിക്കുക എന്നത് നമുക്കേവർക്കും അനിവാര്യമാണ്. മസ്ജിദിനെ ഉള്ളിൽ നിന്നു ഒരിക്കലും കാണാത്ത ധാരാളം പേർ കണിശ്ശമായും ഉണ്ടാകും. ഇപ്പോള് നാമെല്ലാവരും കാണേണ്ടുന്ന ഒരു മസ്ജിദ് നമുക്കുണ്ട്. അഹ്മദികളോടൊപ്പം കൂടിച്ചേർന്ന് നമ്മൾ ജീവിതം നയിക്കേണ്ടതാണ്.

നിർമാണ പ്രവർത്തന സമയത്ത് സഹായിച്ച എല്ലാ അയൽവാസികളോടും ഞാൻ നന്ദി പറയുന്നു. അഹ്മദിയ്യാ ജമാഅത്തും ഒന്നാം ദിവസം മുതൽതന്നെ എല്ലാവരുമായും ബന്ധമുണ്ടാക്കി. ഇനി ഈ മസ്ജിദ് നിർമിതമായതിന്നുശേഷവും നിങ്ങളെല്ലാവരും സമാധാനത്തോടും സ്നേഹാദരവോടും പരസ്പരം ജീവിതം നയിക്കേണ്ടതാണ്.

(തുടരും)

**പേജ് 1 ൽ നിന്ന്**

സൃഷ്ടികളാണെന്ന് ആർക്കാണ് പറയാൻ കഴിയുക? കാരണം അവർ ഹദ്റത്ത് മൂസാ(അ)യിൽ വിശ്വസിച്ചവരിൽപ്പെട്ടവരായിരുന്നുവെന്ന് വിശുദ്ധ ഖുർആൻ വ്യക്തമായും പറയുന്നു. അവർ ബനൂഇസ്റായീലിൽപ്പെട്ടവരായിരുന്നില്ലെങ്കിൽ മൂസായിൽ വിശ്വസിക്കുക എന്നത് എങ്ങനെ അവർക്ക് അനുവദനീയമാകാനാണ്? ഇനി ആക്ഷേപമുണ്ടെങ്കിൽ വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: كَمَآ اَرْسَلْنَآ اِلٰى فِرْعَوْنَ رَسُوْلًا ഫിർഔന്റെ അടുക്കലേക്ക് നാം ഒരു ദൂതനെ അയച്ചതുപോലെ.(73:16). വാസ്തവത്തിൽ ഫിർഔൻ ബനൂഇസ്റായീലിൽപ്പെട്ട ആളായിരുന്നില്ല. ഇതിന്റെ മറുപടി ഇതാണ്: 'ഖൗം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ചിലപ്പോൾ പാരമ്പര്യജനത(ഖൗം) ആകാറുണ്ട്; ചിലപ്പോൾ ദേശപരമായതും. ഇന്ത്യയിൽ വിവിധ ഖൗമുകൾ - ജനതകൾ വസിക്കുന്നതുപോലെ. അവരിൽ നിയോഗിതരായ നബിമാർ ഇന്ത്യയിലുള്ള ജനതയിലേക്ക് നിയോഗിതരായവരായിരുന്നു. അല്ലാതെ ബ്രാഹ്മണരിലേക്കോ രാജ്പൂത്തരിലേക്കോ ആയിരുന്നില്ല. കാരണം ഒരുസ്ഥലത്ത് താമസിക്കുന്ന ജനതകളെ സൗകര്യത്തിന് ഒരൊറ്റ ജനതയായി ഗണിക്കപ്പെടുന്നു. അതിനാൽ ഫിർഔനോടൊപ്പവും അയാളുടെ ജനതയോടൊപ്പവും ഹദ്റത്ത് മൂസാ ഭരണവും രാഷ്ട്രീയവും നിയമവും സംസ്കാരവും മുഖേന ബന്ധിക്കപ്പെട്ടിരുന്നു. അവർ ഒരു ജനതയായി മനസ്സിലാക്കപ്പെട്ടു. എന്നാൽ, ജിന്നുകൾക്ക് ഹദ്റത്ത് മൂസായുമായി എന്തു ബന്ധമാണുണ്ടായിരുന്നത്; ഭരണത്തിന്റെ അടിസ്ഥാനത്തിൽ, അല്ലെങ്കിൽ രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ അല്ലെങ്കിൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ അല്ലെങ്കിൽ സംസ്കാരത്തിന്റെ അടിസ്ഥാനത്തിൽ! അതായത് അവർക്കും മൂസായെ വിശ്വസിക്കാൻ കല്പന നല്കപ്പെട്ടു. ഇനി ഹദ്റത്ത് മൂസാ ബനൂഇസ്റായീലിലേക്കാണ് നിയോഗിക്കപ്പെട്ടതെങ്കിലും അല്ലെങ്കിൽ അവരോടൊപ്പം വസിച്ചിരുന്നവരിലേക്കാണ് നിയോഗിക്കപ്പെട്ടതെങ്കിലും ജിന്ന് സ്വന്തം നിലയിൽ വിശ്വസിക്കുകയായിരുന്നു എന്നു പറയുകയാണെങ്കിൽ അതും ശരിയല്ല. ഹദ്റത്ത് മസീഹ്(അ)ന്റെ ഒരു സംഭവം ബൈബിളിൽ വിവരിക്കപ്പെട്ടിരിക്കുന്നു. അതിൽനിന്ന് മനസ്സിലാകുന്നു,അദ്ദേഹം മറ്റു ജനതകളെ തന്റെ ജനതയിൽ ചേരാൻ അനുവദിച്ചിരുന്നില്ലെന്നാണ്. എന്നല്ല അദ്ദേഹത്തിന്റെ ജനതയിൽപ്പെടാത്ത ഒരാൾ പ്രബോധനം ചെയ്യാൻ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത്: 'മക്കളുടെ അപ്പം എടുത്തു നായിക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നത് നന്നല്ല' എന്നാണ്.(മത്തായി 15:26) അതുകൊണ്ട് അവർ തങ്ങളുടെ സ്വന്തം ഇഷ്ടത്താൽ വിശസിച്ചു എന്നു പറയുന്നതും ശരിയല്ല. കാരണം ജിന്ന് ഏതെങ്കിലും ചുമതലപ്പെട്ട ജനതയാണെങ്കിൽ അവർക്ക് വിശ്വസിക്കാൻ നിർബന്ധമായിട്ടുള്ളത് مِنْ اَنْفُسِهِمْ കാരെയാണ്. മൂസായിൽ വിശ്വസിക്കുക എന്നത് അവർക്ക് അനുവദനീയമായിരുന്നില്ല. ചുരുക്കത്തിൽ വിശുദ്ധ ഖുർആനിലെ വചനങ്ങളുടേയും ഉപര്യുക്ത ഹദീഥിന്റേയും അടിസ്ഥാനത്തിൽ കുറഞ്ഞത് നബിﷺതിരുമേനിക്കുമുമ്പേ ജിന്നുകൾക്കുവേണ്ടി വേറിട്ട നബി നിയോഗിതനാകേണ്ടത് നിർബന്ധമായിരുന്നു;അവർ അവരിൽപ്പെട്ടവരാകണമായിരുന്നു. ഇപ്രകാരംതന്നെ ജിന്നുകളുടെ ജനതകളിലേക്ക് വെവ്വേറെ നബി നിയോഗിതനാകേണ്ടതും നിർബന്ധമായിരുന്നു.

ആ ജിന്നുകൾ മനുഷ്യരായിരുന്നു എന്നതിലേക്കുള്ള ഏഴാമത്തെ തെളിവ് ഇതാണ്: നബിﷺതിരുമേനിയുടെ വാദത്തെ കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നത് ഇതാണ്: يٰٓاَيُّهَا النَّاسُ اِنِّىْ رَسُوْلُ اللّٰهِ اِلَيْكُمْ جَمِيْعًا അല്ലയോ മനുഷ്യരേ! സത്യമായും നിങ്ങളെല്ലാവരിലേക്കും (നിയുക്തനായ)അല്ലാഹുവിന്റെ ദൂതനാണു ഞാൻ.(7:159) ഈ സ്ഥലത്ത് ജിന്നുകളെ പ്രവാചകത്വത്തിൽ ചേർത്തിട്ടില്ല. ഇനി ജിന്നും വേറിട്ടൊരു ജനതയാണെങ്കിൽ അവർക്കും നബിയിൽ വിശ്വസിക്കേണ്ടത് നിർബന്ധമാണ്. അല്ലെങ്കിൽ അനുവദനീയമായിരുന്നു. അപ്പോൾ പറയേണ്ടിയിരുന്നത് ഇങ്ങനെയായിരുന്നു: يٰٓاَيُّهَا النَّاسُ اِنِّىْ رَسُوْلُ اللّٰهِ اِلَيْكُمْ جَمِيْعًا എന്നാൽ, വിശുദ്ധ ഖുർആനിൽ ഒരിടത്തും ഇങ്ങനെ വന്നിട്ടില്ല. അതുകൊണ്ട് നബിﷺതിരുമേനിയിൽ വിശ്വസിച്ച ജിന്ന് ഖുർആനിക വ്യാഖ്യാനമനുസരിച്ച് മനുഷ്യരിൽപ്പെട്ടവരായിരുന്നു. ഇക്കാരണത്തിൽ നബിയിൽ വിശ്വസിക്കാൻ ചുമതലപ്പെട്ടവരായിരുന്നു. മറ്റൊരു ആയത്ത് ഈ വിഷയത്തെ കുറിച്ച് ഇതിനെക്കാൾ വ്യക്തമാണ്. സബഅ് സൂറത്തിലെ ആയത്തായ وَمَآ اَرْسَلْنٰكَ اِلَّا كَآفَّةً لِّلنَّاسِ എന്നതാണത്. സമസ്ത മനുഷ്യർക്കും വേണ്ടിയല്ലാതെ നിന്നെ നാം അയച്ചിട്ടില്ല(34:29) കഫ്ഫുൻ എന്ന പദത്തിൽനിന്ന് നിഷ്പന്നമാണ് കാഫ്ഫത്തുൻ. ഇതിന്റെ യഥാർഥ അർഥം ഒരുമിച്ചുകൂട്ടുക, തടയുക എന്നാണ്. അപ്പോൾ ആയത്തിന്റെ അർഥം മുഹമ്മദേ(സ)!നാം നിന്നെ നിയോഗിച്ചയച്ചത് നീ മനുഷ്യരെ ഒരുമിച്ചു കൂട്ടുന്നതിനാണ്. ഒരു മനുഷ്യനേയും നിന്റെ പ്രബോധനത്തിൽനിന്ന് പുറത്തു നിറുത്തരുത്. ഇനി നോക്കുക, നിന്നെ നിയോഗിച്ചയച്ചത് നീ മനുഷ്യരെ ഒരുമിച്ചു കൂട്ടുന്നതിനാണെന്ന് അല്ലാഹു പറയുന്നു. ചിലയാളുകൾ ധരിക്കുന്നത് മനുഷ്യനെ കൂടാതെ മറ്റേതോ സൃഷ്ടികളുമുണ്ടെന്നാണ്. അവരും മുഹമ്മദ്(സ)ൽ വിശ്വസിക്കാൻ ചുമതലപ്പെട്ടവരാണത്രെ!

യാഥാർഥ്യമെന്താണെന്നാൽ എപ്രകാരം മനുഷ്യരിൽപ്പെട്ട ആരും നബിﷺതിരുമേനിയുടെ ദഅ്വത്തിൽ(ക്ഷണം)നിന്ന് വെളിയിലല്ലയോ അപ്രകാരം മനുഷ്യരെ കൂടാതെ ഒരു സൃഷ്ടിയും നബി(സ)തിരുമേനിയിൽ വിശ്വസിക്കാൻ ചുമതലപെടുത്തപ്പെട്ടവരുമല്ല. ഇക്കാരണത്താൽ വിശ്വാസികളായ ഏതൊരു ജിന്നിനെ കുറിച്ചാണോ വിശുദ്ധ ഖുർആനിൽ പറയപ്പെട്ടിട്ടുള്ളത് അവർ മനുഷ്യർ തന്നെയായിരുന്നു;വേറിട്ടൊരു സൃഷ്ടിയല്ലതന്നെ.*(തഫ്സീറെ കബീർ വാള്യം 4, പേജ്68, പ്രസാധനം ഖാദിയാൻ 2010)*

www.alislam.org
Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin